# മലനാട്ടിൽ

കെ. കെ. രാജു

AYATHIL,
KILIKOLLOOR P. O.
QUILON.
SPORTS CLUB & GYMNASIUM

3459

# മലനാട്ടിൽ

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണ**

**സംഘം ലിമിററഡ്**

[Malayalam]

# MALANAATTIL

(POEMS)

BY

K. K. RAJA

First Impression December 1957

RIGHTS RESERVED

PRINTED AT THE INDIA PRESS, KOTTAYAM
Copies 1000

PUBLISHERS
SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
KOTTAYAM KERALA STATE

Re. 1·00

# മലനാട്ടിൽ

കെ. കെ. രാജാ

SAHITHYA VILASINI LIBRARY
AYATHIL,
KILIKOLLOOR P.O.
QUILON,
SPORTS CLUB & GYMNASIUM

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം — തിരുവനന്തപുരം

വില ക. 1.00

## ഗ്രന്ഥകാരന്റെ കൃതികൾ

ബാഷ്പാഞ്ജലി
ചന്ദ്രോത്സവം (വ്യാഖ്യാനം)
ഉതിർമണികൾ
സ്മൃതിമാധുര്യം
മണ്ണും വിണ്ണും
ഭാഷാമുക്തകങ്ങൾ
മലനാട്ടിൽ

S758 B528 56/57-58

3459

## കവിതകൾ


1 ചിങ്ങാറ്റിത്തിരുവോണം

2 ഭാരതസംസ്കാരം

3 നക്ഷത്രഭരണം

4 ജയാപജയങ്ങൾ

5 പുണ്യപാപങ്ങൾ

6 കുടിവിടില്ല

7 ആശ്വാസം

8 ആശ്ലേഷം

9 എൻെറ പ്രമാണം

10 ഇരുളിൻെറ മുമ്പിൽ

11 പുരോഗമനം

12 ഉഷസ്സ്

13 ധനികനോട്ട്

14 ക്ഷേത്രപ്രവേശം

15 ദീർഘസത്രം

16 പണിമുടക്കം

17 പതാകയിൽ നോട്ടമില്ല

18 വരണ്ട കണ്ഠം

19 എന്തോ പിശക്

20 എന്നാലും

21 വിഷുവൽ സന്ദേശം

22 പുഞ്ചിരികൊട്ടുന്നു

23 ധർമ്മയുദ്ധം

24 നമസ്കാരം

25 കേരളപ്പിറവി

26 "വലിയ കൊട്ടാരത്തിൽ"


(മറുവശം)

SAHITHYA ... LIBRARY
AYATHIL,
KILIKOLLOOR P.O.
QUILON.
SPORTS CLUB & GYMNASIUM

27 ദാസിക്കൾചെങ്കോൽ
28 "മരാന"
29 അപ്പൻ തമ്പുരാൻ
30 നാലപ്പാടൻ
31 പി. ശങ്കരൻനമ്പ്യാർ
32 ജീവിതാനുഭവങ്ങൾ
33 ഇന്നത്തെക്കവിത
34 "സ്വാതന്ത്ര്യം"
35 ജീവിതവിപ്ലവം
36 "ആറാട്ടുപുഴെപ്പൂരത്തിൽ"
37 സ്വാതന്ത്ര്യ ബഹളം
38 മുത്തശ്ശി
39 പുലരിയിൽ
40 "അപ്പുറത്തേയ്ക്കു്"
41 പുണ്യദേശം
42 പ്രതിപദചന്ദ്രൻ
43 എന്റെ രാസവിലാസം
44 രണ്ടുവാക്കു്
45 അടിമത്തം എത്ര മധുരം
46 സർവ്വജ്ഞൻ
47 മരണമില്ല
48 പാഴ്മൊഴികൾ
49 കോൾപ്പാടങ്ങൾ
50 പുതിയ നോട്ടത്തിൽ
51 അടിമയായാലെന്താണു്
52 അതല്ലേ നല്ലതു്
53 മലനാട്ടിൽ

## 1

# ചിങ്ങാററിത്തിരുവോണം

'ഇന്നി'ൽനിന്നതിവേഗമിറങ്ങിത്താഴത്തേക്കു
വന്നൊരു കുമാരനായ് നില്പൂ,ഞാൻ കുടുംബത്തിൽ.
മഞ്ജിമ തഴകവേ കേരളം ചിരിക്കുന്ന
ചിങ്ങഞായററിൽത്തിരുവോണമാണെനിക്കിപ്പോൾ.
തലയും ദാനംചെയ്ത തമ്പുരാൻ മഹാബലി
മലയാളത്തെക്കാണ്മാനെഴുന്നള്ളിനില്ക്കുന്നു!
നാട്ടിലെ കൃഷീവലകുമാരന്മാരുണ്ടെൻെറ
ചുററിലും; ഞങ്ങളാപ്പൂവിളിപ്പൂ പ്രഭാതത്തിൽ.
കങ്കണം കിലുങ്ങുന്ന കൈകളാലണിയുന്നു—
ണ്ടങ്കണങ്ങളിലെങ്ങുമംഗനാജനം നീളേ.
അളവററ പൊന്നേറെക്കൊട്ടത്തുകഴിഞ്ഞപ്പോൾ
പുലർവേള പോകുന്നു പിന്നെയുമെട്ടക്കുവാൻ,

ബലി ചക്രവൎത്തിവന്നകത്തുകടന്നിട്ടും
മുളവില്ലുകൊട്ടുന്ന മഞ്ജുളതന്ധണൽക്കാരം
അലതല്ലുകയാണു മാനത്തെൻ വയസ്യന്മാർ
തലമപ്പന്തുകളിക്കുണ്ടെടന്നെ വിളിക്കുന്നു.
ഉരിഞ്ഞ നേന്ത്രപ്പഴംതിന്നോണപ്പുടവയൊ–
ന്നരയിൽ ചുററി,ക്കളിപ്പറമ്പിൽചെന്നെത്തട്ടെ.

ii

ഉച്ചയായാകാശത്തിൻനടുക്കെത്തിയ സൂൎയ്യ–
നൊച്ചകേട്ടു കീഴ്പ്പോട്ടുനോക്കിക്കൊണ്ടതാ നില്പൂ!
ചുക്കിണി കിലുകിലെക്കിലുങ്ങിയുരുളുന്നു,
തെക്കേ മാളികയിങ്കൽത്തുടങ്ങീ കമ്പിത്തായം.
'കൊട്ടുകൊട്ടു'യെന്നൊരാൾ 'പന്ത്രണ്ടുപന്ത്രണ്ടേ'ന്നു
മററൊരാൾ; എന്തുത്സാഹമെന്തൊരു കോലാഹലം!
തെല്ലിട കഴിഞ്ഞുപോയകായിൽക്കൈമെയ്യുല–
ഞ്ഞല്ലണിക്കുഴലിമാർ കൈകൊട്ടിക്കളിക്കയായ്.
കുന്തളബന്ധമഴിഞ്ഞുലഞ്ഞും, സ്വേദാംബുവാൽ–
ച്ചിന്തുരക്കുറിമാഞ്ഞും, താളത്തിൽഗ്ഗാനത്തോടെ
കളിക്കും കലാലോലകേരളിമാരെക്കണ്ടുൾ–
ക്കുളിർക്കൊൾമൂ ഞാനാ സ്വൎഗ്ഗസുന്ദരീനൃത്യം.
ദ്രാവിഡാൎയ്യസൗഹാൎദ്ദസ്മാരകമാണീയോണം;
ആവണിയവിട്ടവുമിതിൻെറ വകഭേദം;
ഓണംവെപ്പതിൽപോലെ സ്വാധൎമ്മപ്രതിപത്തി
കാണിപ്പതാകാം പക്ഷേ ഗായത്രീ ജപഘോഷം,

3459

വർഗ്ഗവൈരോച്ചാടന സാധകമഹാമന്ത്രം
ഭാർഗ്ഗവക്ഷേത്രോത്സവ കാഹളമന്ദ്രധ്വാനം
ഏതുമുക്കിലുമെന്നുമീയേഴവർണ്ണം നവ–
ചേതന പുലർത്താവൂ 'ചിങ്ങാററിത്തിരുവോണം.'
ധനിയും ദരിദ്രനും സമതാബോധംപൂണ്ടു
മനസാ വന്ദിക്കുന്ന മാബലി മഹാത്മാവേ!
ഞങ്ങടെ മലയാളമെന്നാളുമവിടേയ്ക്കു
മംഗളം പാടിപ്പാടിത്തെളിഞ്ഞേ പുലർന്നാവൂ!

2

# ഭാരതസംസ്കാരം

ആരണപുടവിധിയാൽപ്പൊരുളേതിനു-
മാരുയിരൊന്നതിമാനുഷമരുളിന
ഭാരതമഹിയുടെ സംസ്കാരത്തിൻ
സാരവിശേഷമശേഷവുമധുനാ
കാലവിലാസകലാസംഭവമെ-
ന്നായിരമായിരമാളുകൾ നീളെ-
ത്താരണിയിൽപ്പല ശാസ്ത്രപ്പറകള-
റഞ്ഞുകുളുഹലമാൻുകളിപ്പൂ.

കാലാവസ്ഥകൾ വാൎത്തുനിരത്തിന
നാനാജാതി പരിസ്ഥിതികളിലും
കാരണകാന്തികളിപ്പതുകണ്ടവർ
കാടന്മാരാക്കാരണവന്മാർ;
കാണണമവരുടെ കാഴ്ചകളെന്നൊരു
കൗതുകമെങ്കിലുമില്ലാതിന്നൊരു
കാപുരുഷനുമി;ല്ലതുമതി ഭാരത-
സംസ്കാരത്തിൻ മഹിമകഥിപ്പാൻ.

ഗൃഹമേധികളുടെ നിലയനമെല്ലാ-
മതിഥിജനത്തിനു താവളമായൊരു
മഹിതപുരാതനകാലത്തുണ്ടോ
വ്യക്തിസ്വാതന്ത്ര്യവിജൃംഭിതബഹളം!

മഹിയിതിലന്നു പുകഴ്ന്നപുരാതന-
പൂരുഷപൂർണ്ണസമഷ്ടി സ്നേഹമ-
തഹഹ മിഴിക്കിനിയോഗം വരുമോ
കണ്ടുകുളിർത്തുമതിർത്തേ നില്പാൻ?

കുറികുളിഭക്ഷണമെന്നുതുടങ്ങിയ
പലപല ജീവിതപരിപാടിയിലും
കുമുദം ചന്ദ്രനിലെന്നകണക്കേ
പരമാത്മാവിലൊരുന്മുഖനോട്ടം
കുശലമണപ്പാൻ ഭാരതപുരുഷരി-
ലിന്നും കാണാം;മൃഷിപുംഗവരുടെ
കുലമഹിമക്കുറിപ്പിലൊരുകാലത്തും
തീർത്താൽ തീരാതുള്ളൊരു കോട്ടം.

എവിടെയുമമൃതതചത്തിൻ മധുരിമ-
യെവിടെയുമാനന്ദത്തിൻ പ്രചുരിമ
എവിടെയുമാദിമകവിതാഗീതിക-
ളെന്നനുഭൂതിമൊഴിഞ്ഞവർ മുനിമാർ:
അവരുടെ ഭാരതമപഗതഭീതിക-
ഗാഗംഭീരമി,തിവിടെ വിളങ്ങിട്ട-
മവികല മുതിഗതജീവിതമണിവതി-
നാശാപാളി കൊതിച്ചേ നിൽപ്പൂ.

---

ഭാരതീയസംസ്കാരത്തിൻെറ സവിശേഷമായ ആത്മചൈതന്യ ത്തിനു നേരെ ഭൗതികവാദത്തിൻെറ ചോദ്യചിഹ്നമുയന്നപ്പോൾ എഴുതിയതു്.

കാര്യമായ പ്രപഞ്ചത്തിൻെറ കാരണത്തിലേയ്ക്കു ചുഴിഞ്ഞുള്ള ഒരു നോട്ടം അറിഞ്ഞോ അറിയാതെയോ ഇന്നും ഭാരതീയരിൽ കാണാം.

## 3

# നക്ഷത്രഭരണം

പകലോനെക്കടലിലേയ്ക്കുന്തിയോരിരവുമായ്
പലപല താരങ്ങൾ കൂട്ടംകൂടി
ചിലതൊക്കെ മന്ത്രിച്ചു; പെട്ടെന്നു വാനിലു–
മിളയിലും നക്ഷത്രഭരണമായി.
പകലോൻ മറഞ്ഞപ്പോൾ പേടിപൂണ്ടോരോരോ
പഴയ പാന്ഥന്മാർ നടന്നീടുമ്പോൾ
വഴിയമ്പലങ്ങളിൽത്തങ്ങവേ തങ്ങളിൽ
മൊഴിയുന്നു നിഭൃതമായോരോന്നേവം:
"എവിടെയും നാട്ടുവെളിച്ചമുണ്ടെന്നാലും
രവികരം കണ്ടാലേ കാര്യമാവൂ.
ഇരുളും വെളിച്ചവുമൊപ്പം പുലരുമ്പോ–
ളിടറുകയില്ലല്ലീ പാന്ഥപാദം?
കടലിലൊളിക്കേണ്ടും കാലം കഴിഞ്ഞൊന്നു
കതിരവൻ വീണ്ടുമുയന്നീടാവൂ!"

---

പ്രജായത്തഭരണം ഇഷ്ടപ്പെടാത്ത പഴമക്കാരുടെ അഭിപ്രായഗതി.

# 4

# ജയാപജയങ്ങൾ

കൂരിരുട്ടിൻെറ കോലം തകത്താ—
ച്ചോരചിന്നിയ ചെങ്കൊടിയോടെ
സൂരനൊട്ടിടനിന്നു തൻ വെന്നി—
ക്കൂറപൊക്കി വെളുത്ത നിറത്തിൽ.
ഏറെനേരമസ്സൂരപ്രഭാവം
പാരിടത്തെമ്പ് ഭരിച്ചുനിന്നാല്പം
വേറെവന്ന തമസ്സാകാശത്തിൽ—
ക്കേറിനിന്നു കരുത്തു കാട്ടീലേ?
ആദിയിൽക്കണ്ട വെന്നിക്കൊടിയൊ—
ത്താദിത്യൻെറ കനത്ത ശരീരം
ആഴിയിൽത്തള്ളിയിട്ട തമിസ്ര—
മാകെ വാനമടക്കിവാണീലേ?
ഏവമെന്നും ജയാപജയങ്ങൾ
ദൈവദൂതനും സാത്താനുമൊപ്പം.

5

# പുണ്യപാപങ്ങൾ

പാരിനിപ്പുണ്യപാപങ്ങൾ രണ്ടും
സൈ്വരസഞ്ചാരപാദങ്ങൾ.
രണ്ടിലൊന്നിനു കോട്ടമുണ്ടെങ്കിൽ
നൊണ്ടിനൊണ്ടി നടന്നേനേ.
കൂരിരുട്ടും വെളിച്ചവുംകൊണ്ടു
കാലുറയിട്ടു കാണുമ്പോൾ
എന്തു കോമാളിയെന്നെനിക്കൊരു
ചിന്തയില്ലെന്തുകൊണ്ടെന്നോ?
മാനസത്തിൻെറ കണ്ണടച്ചില്ലിൻ–
നാനാഭേദങ്ങളാർ കണ്ടു?
എപ്പോഴുമൊന്നു മറ്റൊന്നാകുവാൻ
കെല്പുംകാണുന്ന കണ്ണില്ലേ?
ഒപ്പമാണിപ്പൃഥിവിക്കു ചെളി–
ക്കുപ്പയും കോവിൽ മുററവും.

SAHITHYA VILASINI LIBRARY
AYATHIL,
KILIKOLLOOR P. O.
QUILON.
SPORTS CLUB & GYMNASIUM

## 6

# കുടിവിടില്ല

പല ചഷകങ്ങളിൽ പ്രകൃതിസൗന്ദര്യത്തെ—
ക്കലകളെടുത്തു കൊടുത്തിടുമ്പോൾ
തലതിരിച്ചീടുവോരുണ്ടാകാം മാനുഷ—
കുലകളങ്കത്തിനായൊന്നോ രണ്ടോ.
അരസികന്മാരവരെന്തോ പറയട്ടെ
നരസാമാന്യത്തിനാ മദിര വേണം.
വഴികൾ പിഴച്ചങ്ങിങ്ങലഞ്ഞുനടന്നാലും
മൊഴികൾ നിലച്ചപഥത്തിൽ വീണെന്നാലും
ധരണിയിലെജ്ജീവിതക്ലേശകഷായത്തിൻ—
സ്മരണയൊഴിഞ്ഞാശ്വസിച്ചാനന്ദിപ്പാൻ
അവികലസംസ്കാര സമ്പന്നസുഗന്ധിയായ്
കവിതതരും മധുരമധു തന്നെ വേണം.
അതിരുചിരപാനീയം ഗീതിയുടെ ചാരായം
അതിനഖിലദേവന്മാർ ദേവിമാരും
കൊതിയൊടതാ നില്ക്കുന്നു; കിട്ടില്ലെന്നാകിലും
'അതുമിവനെ'ന്നെന്നും ഞാൻ നിന്നുകെഞ്ചും.
പറയും ഞാനേതു കലാസുന്ദരിയോടും
തരിക തരികെന്നുതന്നെ നിത്യം.
അഴകൊഴുകും കലകളുടെ തെളിമധുവുണ്ടില്ലെന്നാൽ
മുഴുമതിയിലെന്തുണ്ടൊന്നാനന്ദിപ്പാൻ?

തുടുപുലരിപ്പൂങ്കവിളിൽത്തേച്ചുമിനുക്കുന്ന
പടുധിഷണൻ ത്രൈലോക്യചിത്രകാരൻ
അമളിപെടുമാറുതൻ തൂവലെടുക്കാതെ
കമലഭവൻ ഭാവനയ്ക്കാളല്ലാതെ
കരമിളകാതങ്ങനെ നിന്നുപോവില്ലല്ലീ
കലകളുടെ കൈയാൽക്കുടിച്ചീലെങ്കിൽ?
ചുടലയിലും കാക്കും ഞാൻ കലകൾതരും കൈവല്ല്യം
കുടിവിട്ടവാൻ വയ്യെനിക്കിന്നുമെന്നും.

7

# ആശ്വാസം

വാനിലേയ്ക്കു പറന്നിട്ടെന്തയ്യോ
വീണു മണ്ണിൽ മലൎന്നു ഞാൻ പാവം.
എന്നാലെന്തു മലൎന്നല്ലേ വീണ—
തെന്നാണുള്ളിലെനിക്കൊരാശ്വാസം.
മുത്തണിഞ്ഞെൻെറ വിണ്ണഴകെന്നെ
മുത്തുവാനുണ്ടു കാത്തുനില്ക്കുന്നു.
ഭാവന വിട്ടെത്താന്നിതാ ഞാനി—
ബ്ഭുവിൽനിന്നു പറക്കുന്നു വീണ്ടും.
"വിണ്ണുനോക്കിപ്പറക്കുമിവൻെറ
കണ്ണിനിത്രയ്ക്കു വെള്ളെഴുത്തായോ?
പച്ചിലകൊണ്ടുടുത്തു ചമഞ്ഞും
കൊച്ചുപൂക്കളാൽ മാലയണിഞ്ഞും
പ്രേമബാഷ്പമൊഴുക്കി നില്ക്കുന്ന
ഭൗമകാന്തിക്കഴകില്ല പോലും!"
എന്നു പാഴിൽപ്പഴിപ്പവരെല്ലാ—
മെന്നെ നോക്കിച്ചിരിച്ചുകൊള്ളട്ടെ.
മണ്ണിനെന്തുണ്ടാ വിണ്ണൊളി ചിന്നും
കണ്ണാടി ചിലതുണ്ടത്രമാത്രം.

## ൪

# ആശ്ലേഷം

പഴമതൻ പാഴ്ക്കരമേഴകൾ തൻ
മിഴികളിലന്ധത കുത്തിവെച്ചു,
വഴിയും കുളവും കിണറുമെല്ലാം
കഴിയും വിധത്തിൽ വരഞ്ഞുവെച്ചു
ഫലമതിനായതനുഭവിച്ചു,
വിലപിതം വിണ്ണോളം ചെന്നലച്ചു.
ധരണിതൻ കണ്ണീരും കുളിക്കുമാറു—
ണ്ടൊരുമൊഴി കേൾക്കുന്നു വിണ്ണിൽനിന്നും
"പുതുമ പഴമയെ പുല്കും നാളെ;
പൊതുവിലൊരുത്സവമാകും നീളെ
അകളങ്കമാകിനസൗഹൃദത്തോ—
ടഖിലമതങ്ങളും ജാതികളും
സമതയോടാനന്ദനൃത്തമാടും
സുമധുരമാമെൻ കുഴൽവിളിയാൽ.

---

ക്ഷേത്രപ്രവേശസത്യാഗ്രഹകാലത്തെഴുതപ്പെട്ടതു്.

9

# എൻെറ പ്രമാണം

ആദിമർത്ത്യചരിത്രം കുടിച്ചു—
ന്നാദിയായിത്തളന്നു ഞാനിപ്പോൾ.
പാരിടത്തിൽപ്പരിഷ്കാരമെന്ന
പേരിലാരും കൊണ്ടാടും വെളിച്ചം
നൂറുനൂറാണ്ടു മുമ്പിരുളായി
മാറിനിന്നതിൻ കാഴ്ചയില്ലിപ്പോൾ
നിത്യശക്തി തൻ കൈരണ്ടിലൊന്നാൽ
സൃഷ്ടിചെയ്യുമഴിക്കും മറെറാന്നാൽ
രണ്ടുജോലിയുമൊപ്പം നടന്നു—
കൊണ്ടിരിക്കുന്നുണ്ടേതുനേരത്തും
എന്നുമുണ്ടു ജനിയും മൃതിയു—
മെന്നുമാത്രം ഞാൻ കണ്ടുനില്ക്കുന്നു.
ഭൗതികമാം പരിണാമമെന്നും
ഭാഗികമാണെന്നാണെൻ പ്രമാണം.

---

'അപരിഷ്കൃതനായ ഒരാദിമമനുഷ്യൻ' എന്നു സങ്കല്പിക്കുവാൻപോലും കവിക്കു സാധിക്കുന്നില്ല. "ത്രിപാദൂർദ്ധ്വമജായത" എന്നു പുരുഷസൂക്തം. ഇതു സ്ഥൂലപ്രപഞ്ചമാകുന്നതിന്നുമുമ്പുള്ള സ്വഭാവം. ഈ സ്ഥൂലപ്രപഞ്ചം സൂക്ഷ്മപ്രപഞ്ചമാകുമ്പോഴേയ്ക്കും ത്രിപാത്തിലെ അംശം സ്ഥൂലപ്രപഞ്ചമാകും. വ്യക്തിപരമായി പരിണാമവും വിപരിണാമവും ജനനവും മരണവുംപോലെ എപ്പോഴും ഉണ്ടായിരിക്കും. സമഷ്ടിപരമായും ഇങ്ങനെ തന്നെ. എപ്പോഴും പരിണാമവും വിപരിണാമവും ഭാഗികമായി നടന്നുകൊണ്ടുതന്നെയിരിക്കും.

10

# ഇരുളിൻെറ മുമ്പിൽ

പാരിന്നുള്ളൊരഴകിൻെറ കൊള്ള—
ക്കാരനാണെന്നിരിക്കിലുമെന്തേ?
ക്രൂരിരുട്ടേ, നിനക്കുള്ളപോലെ
കാരുണി യാക്കും കണ്ടതില്ലീ ഞാൻ.
ജന്തുജീവിതദുഃഖത്തിനെല്ലാ—
മന്തമേകുവാനെത്തും മരണം
അന്ധകാരമേ, നീയാണെന്നിട്ടു—
മെന്തു നിന്നെപ്പഴിപ്പാനെല്ലാരും?
നിദ്രാമാധുരികൊണ്ടുലകത്തിൽ
ക്ഷുദ്രകീടത്തിൻ കണ്ണിനുപോലും
ചിദ്രസോല്ലാസമേകുമുദാര—
ഭദ്രദൈവതമെങ്ങുണ്ടുവേറെ?
ഞാനടിയറവെയ്ക്കും നിൻ കാല്ക്ക—
ലാനന്ദത്തിൻെറ കണ്ണീർക്കണങ്ങൾ.

11

# പുരോഗമനം

എന്നമ്മക്കിഷ്ടമായാലവട്ട–
പ്പൊന്നുതാടങ്കമെനിക്കറിയാം.
പൊൽച്ചങ്ങല പിടിച്ചാടിനില്ക്കും
കൊച്ചമ്പിളിക്കലയെന്നപോലെ
ചേണെഴും ഡ്രാപ്പെൻ മകൾക്കണിവാൻ
വേണമെന്നായിട്ടുണ്ടെന്തുമാററം!
മേലിലും കീഴിലും രക്തരേഖ
ചേലിലുഷസ്സിനാലന്തിയാലും
റൂളിട്ട ചേർത്തവസ്സുള്ളിലായി
നാളെയ്ക്കു വേണ്ടുന്ന മാററമെല്ലാം
കാലം കുറിച്ചുകാണിച്ചു മേന്മേ–
ലീലോകം നിത്യവും പുത്തനാക്കും.
ഏഴനിലയുള്ള മാളികമേൽ
വാഴുന്നവനെപ്പുറത്തുതള്ളി
പട്ടിണിപ്പാവത്തെക്കൈപിടിച്ചു
കേററുമക്കാലത്തിൻ ഭാവനകൾ.
ഏതുവഴിക്കു തിരികിലെന്താ–
ണേതിലും കാണാം പുരോഗമനം.

# ഉഷസ്സ്

അഴകിയുഷസ്സെന്തോ മണ്ണിന്റെ നല്ലവാ—
നെഴുന്നള്ളുന്നുണ്ടതാ വിണ്ണിൽനിന്നും.
ഇരുളിൽക്കിടന്നു മിഴിയടച്ചീടുന്ന
നരനെയുണർത്തുന്ന തൂവെളിച്ചം
ഉലകിടത്തെങ്ങും പൊഴിച്ചുകൊണ്ടെത്തുമീ—
യുദയം കണ്ടാശകളുല്ലസിപ്പൂ.
വഴിമുടങ്ങില്ലല്ലി വല്ലാത്ത ശോണിത—
പ്പുഴയൊഴുക്കൊന്നയ്യോ വന്നുചേർന്നു.
അനിമിഷലോകത്തിൽ നിന്നുപുറപ്പെട്ടോ—
രനഘയെത്തന്റെ തലയിലേററി
കനലൊളി ചിന്നുമച്ചോരപ്പുഴയതാ
ദിനമണി നീന്തുന്നു നിഷ്പ്രയാസം
അമരലോകൈശ്വര്യം മേന്മേൽ വിതയ്ക്കുവാ—
നവനിയിൽ വന്നാലും പൊന്നുഷസ്സേ!

13

# ധനികനോട്

മണിമയമഞ്ചത്തിലാടിയാടി
മദിരതൻ മാധുരി പാടിപ്പാടി,
ധനിക, നീ സൗഖ്യങ്ങൾ തേടിത്തേടി
തനതു കൃത്യങ്ങൾ മറന്നുകൂടി.
കനകഹർമ്മ്യത്തിൻ തളത്തിൽ നിന്നൊ–
ന്നിനിയും നീ താഴത്തിറങ്ങീലല്ലോ.
അരികയായ് നിൻഗളം നാളെ നിൻെറ
കുരുതികുടിക്കും ദിവസമായി.
ഒരുഗതിയില്ല നിനക്കെന്നാലും
അരിവാളോടൊന്നു പറഞ്ഞുനോക്കു.
"നരബലികൊണ്ടു കരസ്ഥമാക്കും
കരബലത്തിൻെറയാ രാജ്യതന്ത്രം
സ്ഥിരസമാധാനത്തെപ്പോററിനില്പാൻ
വിരുതുടയൊന്നല്ലെന്നറിഞ്ഞതല്ലേ?
ഭരതഭൂവിങ്കൽ ജയിച്ചീലല്ലോ
പരശുരാമൻെറയാ വെണ്മഴുവും."

14

# ക്ഷേത്രപ്രവേശം

കറുകറെത്താമസക്കറപററി മങ്ങിയ
മറയവർ മേളിക്കുമമ്പലങ്ങൾ
ഒഴുകിടുമാനന്ദക്കണ്ണീരാൽ പറയന്മാർ
കഴുകിടുന്നുണ്ടതാ ശുദ്ധമാക്കാൻ!
ഇതുവരെദ്ദേവന്മാരാരുമിക്കേരള—
ക്ഷിതിയിലെ ക്ഷേത്രങ്ങൾ കണ്ടീലെന്നോ?
അണിനിരന്നാകാശവീഥിയിൽ നിന്നതാ
മണിരഥമായിരമെത്തിടുന്നു.
അതിന്നുമുമ്പുണ്ടൊരു വെള്ളിത്തടിക്കാരൻ
കതിരവൻ നേരേ നടന്നിടുന്നു.
നലമേറും ദേവന്മാക്കെല്ലാക്കുമിന്നത്രേ
മലനാട്ടിൽ ക്ഷേത്രപ്രവേശമാദ്യം.
സമയമായ് ശംഖൊലിപൊങ്ങട്ടെ വിണ്ണോളം
തിമിലമുഴങ്ങട്ടെ നാട്ടിലെങ്ങും!

15

# ദീർഘസത്രം

ഉലകിലിതാ മുക്കാലും നിന്നുപോയി
കലഹകലിക്കൈവാളിളക്കമെല്ലാം
സുകൃതികളില്ലുണ്ടൊരാളാചരിപ്പൂ
സകലജനസ്വാരാജ്യദീർഘസത്രം
അവഭൃഥമാം നാളെയെന്നോർത്തു ചെങ്കോ-
ലരചനിതാവെച്ചു നമസ്കരിച്ചു.
തനതകമേ നിന്നൊഴുകുന്ന ഗംഗാ-
കനകജലക്കോളിൽക്കുളിച്ചു ധന്യൻ
അരമറയും കൊച്ചുടയാടയുമ-
ക്കരുണയുറന്നോലും ഹൃദയവുമായ്,
ദിനമണിയാൽ പള്ളിവിളക്കെട്ടുക്കും
നിയതികരംകാട്ടും വഴിയിലൂടെ
അണയുകയായ് മണ്ണിൻ പുതിയവിണ്ണിൽ,
ഇനിമുതലില്ലേഴകളേതിടത്തും.

16

## പണിമുടക്കം

അരുണനു ചമ്മട്ടി താഴെവെപ്പാ-
നനുവദിച്ചീടാത്ത കൃത്യനിഷ്ഠൻ
അഴലൊഴിച്ചീടുന്നു പാരിനെല്ലാം
തൊഴിലാളിമാരുടെ മേലാവെന്നും.
അവനുടെ മുന്നിൽക്കുനിഞ്ഞുനില്പാ-
ണനിമിഷതാരമായന്തരീക്ഷം.
കരുതലോടാരാനും തെററുചെയ്താൽ
മരണശിക്ഷയ്ക്കുമവൻ വിധിക്കും.
അനലൻ തപിക്കുന്നു ലോകരക്ഷ-
യ്ക്കുനിലൻ ജഗത്തിനെ വീശിനില്പൂ.
പണിമുടക്കില്ല ഞാൻ പ്രാണികൾക്കു
പരമാനന്ദത്തിനാണെൻെറ കൈയും.
തൊഴിലിൻെറ ചെങ്കൊടികണ്ടുനിത്യം
തൊഴുകൈയായ്നില്ക്കും ഞാൻ രണ്ടുനേരം.

17

# പതാകയിൽ നോട്ടമില്ല

പലപലകത്തവ്യകാഹളം ചെ—
ന്നലയടിച്ചാശവിറച്ചിരിക്കെ,
അരചനടിമയെന്നൊച്ചകേൾക്കേ,
അറിവോനറിവില്ലാതായി നില്ക്കേ,
പറയാനാക്കെന്തുണ്ടാമെങ്കിലുമെൻ—
പരമാത്ഥംചൊല്ലാമിന്നെല്ലാരോടും
കൃപണത, വാദ്ധകം, വ്യാധിതൊട്ട,
കദനമിരുണ്ടു പരന്ന പാരിൽ
കരുണതൻ കല്യാണമുദ്രതൻെറ
കിരണങ്ങളൂഴി കുളൂർപ്പിച്ചെങ്കിൽ
ഒഴുകിന കണ്ണീരോടാനിമിഷം
തൊഴുകൈയായ് നില്ക്കും ഞാൻ നിന്നിമേഷം.
വിജയക്കൊടിക്കൂറയേതുകൈയിൽ
വിളയാട്ടുന്നെന്നില്ലെനിക്കു നോട്ടം.

# വരണ്ട കണ്ഠം

അറിവിൻെറ വിളവൊന്നും പാകമായീ—
ലരിയുവാൻ കാലമട്ടത്തുമില്ല.
കരളിൻെറ കണ്ഠം വരണ്ടു വിണ്ടു;
കരുണയുടെ കുളിരമൃതാണിന്നുവേണ്ടു.
ഉറവുള്ളദിക്കിൽനിന്നാണിവെച്ചു*
കുറെവെള്ളം കിട്ടിയാൽ കാര്യമായി.
ഉടമയുടെ പേരിൽക്കൃഷീവലന്മാ—
രടിപിടിയായ് കാലം കഴിച്ചുപോയാൽ
പുളകമണിചിന്നുമാറാനന്ദത്തിൻ
കളമക്കൊയ്ത്തില്ലിനിയുണ്ണമില്ല;
ഉരുതരസമ്പൽസമൃദ്ധിതൻെറ
തിരുവോണം വിണ്ണിൽനിന്നെത്തുകില്ല
കലിതരസമസ്സരസ്സുന്ദരിമാർ
കളമൊഴി പാടിക്കളിക്കയില്ല.
ഉറവുള്ള ദിക്കിൽനിന്നാണിവെച്ചു
കുറെ വെള്ളമിനിയെന്നുകിട്ടുമാവോ?

---

* ആണിവെയ്ക്കുക=ചാലുകീറുക.

19

## എന്തോ പിശക്

ഇരവിലതിഥികളത്താഴമു–
ണ്ടിറയത്തഭയമണയും നാട്ടിൽ
മലനാട്ടി, ലാതിര ഞാററുവേല
മരതകപ്പച്ച വിരിക്കും നാട്ടിൽ
വയറുനിറപ്പാൻ വകയില്ലാതെ
വലയുന്നു പാവങ്ങളെന്തുചെയ്യാം!
കരികൊള്ളാതില്ലൊരു കോണുപോലും
അരിമണിയൊന്നു കൊറിപ്പാനില്ല.
വരുവാനെന്തിങ്ങനെ ഭാഗ്യദോഷം
ഭരണത്തിലെന്തോ പിശകില്ലല്ലീ!
പരദേശക്കൂട്ടുകെട്ടാകെവിട്ട
പലപല ഭവ്യംകൊതിച്ചിരുന്നാൽ
ഒട്ടവിലിക്കേരളമൊന്നുകൂടി–
ച്ചുട്ടമിഴിനീർക്കടൽമുക്കിയാലോ!

20

# എന്നാലും

തീനിനെപ്പൊഴും കണ്ണുവയ്ക്കും നീ
മീനിലെന്നതു വാസ്തവം.
കൈവന്നീല നിനക്കേതും സമ–
ഭാവനയതും വാസ്തവം.
എന്നാലും നിൻെറ കമ്രകണ്ഠത്തിൽ
നിന്നൊഴുകുന്ന സംഗീതം
ശശ്വന്മംഗളദായകമേതോ
വിശ്വജീവിതസന്ദേശം.
ക്ഷുദ്രപാപത്തിൻ മുദ്രവച്ചനിൻ–
ഭദ്രഭൗതികസന്ദേശം
ചെററു ഹിംസ ചവയ്ക്കുമാശകൾ–
ക്കററ നിർവ്വാണസങ്കേതം.
മണ്ണിനെന്നാലും വന്ദ്യനാണു നീ
വിണ്ണിലെപ്പക്ഷിരാജാവേ!

---

കോൺഗ്രസ് ഭരണത്തെപ്പററിയ ഒരു വിമർശവും നെഹ്റുവിനു് ഒരഭിനന്ദനവും.

## 21

# വിഷുവൽസന്ദേശം

SANTHIYA VILASINI LIBRARY
AYATHIL,
KILIKOLLOOR P. O.
QUILON.
SPORTS CLUB & GYMNASIUM

അഴകോലും നൂതനവത്സരലക്ഷ്മിയു–
ണ്ടെഴുന്നള്ളി നില്ക്കുന്നു പൂർവ്വദിക്കിൽ
കനകപ്പൂമാലകൾ പൊക്കിനില്പൂ,ണ്ടെങ്ങു–
മനവധി വാസന്തകർണ്ണികാരം.
ഉയരുന്നു പൊൻകൊടിക്കൂറകളായിരം
ഉദയാചലത്തിൻെറ താഴ്‌വരയിൽ
പതിവുപോലല്ലിക്കിഴക്കൻ മഹോത്സവം
കതിരോനെൻറ ചോരത്തുടിപ്പുനോക്കു.
വിശദമായ് വിശ്വൈകനായകസന്ദേശം
വിഷുവിൻെറ ദേവത വായിക്കുന്നു.
"ധനികന്മാർ നല്ലേണ്ടാ നാണ്യങ്ങളിന്നാക്കും
ഖജനാവിന്നാട്ടേ വിഷുക്കൈനേട്ടം
ദുരവസ്ഥ നീക്കുവാൻ നേരിട്ടെട്ടക്കയായ്
നരലോകഭരണം ഞാൻ കാത്തിരിപ്പിൻ."

22

# പുഞ്ചിരികൊട്ടത്തു

"വിണ്ണിലെ മലക്കലജ്ജയന്നുപോയിട്ടെന്തീ–
മന്നിലെ പാഴ്പ്പൂഴിയിൽ വീഴവാൻ കവിതേ നീ
ഇന്നുഞാൻ നെഹറുവിൻ സന്നിധാനത്തിൽ കണ്ടു
നിന്നെ, നിൻസ്വഭാവത്തിനിത്രവേഗമോ മാററം?"
രാഷ്ട്രമീമാംസമന്ദമിങ്ങനെ ചോദിച്ചതു
കേട്ടോതീ കവിതയാസ്സ്നേഹിതയോട്ടത്തരം:
"പ്രാണിയെ സ്നേഹിക്കുംഞാൻ മർത്ത്യദുർമ്മോഹം തീർത്ത
ശോണിതക്കളംകണ്ടു ഞെട്ടി വീണുപോയ് മണ്ണിൽ.
മോഹംവിട്ടുണർന്നപ്പോൾ കണ്ടുഞാൻ നെഹറുവിൽ
ആഹവവിരോധത്തിൻ പട്ടാളത്തലവനെ.
അഹിംസാ ദിവ്യായുധമേന്തിയരണവീര–
നവനായ് സമാധാനയുദ്ധയാത്രപോം മുമ്പേ
വീരപാണത്തിനെൻെറ പുഞ്ചിരികൊട്ടത്തു ഞാൻ
വീരസൂവായിക്കാണും പ്രാചിയെ നീയും ഞാനും."

---

കവികൾ അഹിംസാഭടന്മാരെ പ്രോത്സാഹിപ്പിക്കണം എന്നഭിപ്രായം.

23

# ധമ്മയുദ്ധം

വീരസേനകൾ രണ്ടുചേരിയായ് രണ്ടാമത്തെ—
ബ്ഭാരതയുദ്ധത്തിന്നു നിരന്നു നിർഭീകമായ്
ഉച്ചണ്ഡപരാക്രമസേനാനിമാരെല്ലാരു—
മുച്ചത്തിലോരോ കാളംവിളിച്ചു പുളയ്ക്കുമ്പോൾ
ഒരുചേരിയിൽനിന്നു പൊങ്ങുന്നുണ്ടതാ വിശേഷാ—
ത്തരമാമേതോ പുത്തൻ പാഞ്ചജന്യത്തിൻഘോഷം.
നൂറുനൂറാഗ്നേയാസ്ത്രം സംഭരിച്ചുനില്ക്കുന്ന
ചേരിക്കാരുടെ ചെവിയൊക്കെയുമൂക്കോടൊപ്പം
തരസാ തകൎക്കുന്നു ശാന്തഗംഭീരം ധീര—
നരനേതാവിൻകണ്ഠനിൎഗ്ഗതമാമാധ്വാനം.
എന്തൊട്ടുക്കത്തെപ്ഫലമീ യുദ്ധത്തിനെന്നാരും
ചിന്തിച്ചു കുഴങ്ങേണ്ട നാളത്തെ പ്രഭാതത്തിൽ
ഹസ്തിനപുരത്തിൻെറ ചത്വരങ്ങളിൽ കാണാം
സത്യധമ്മപക്ഷത്തിൻ വൈജയന്തികൾ നീളേ!

---

യുദ്ധത്തിൻെറ ചേരിയും സമാധാനത്തിൻെറ ചേരിയുംതമ്മിലാണു യുദ്ധം.

## നമസ്കാരം

ഭാരതജനകീയസ്വാതന്ത്ര്യപ്പിറന്നാളിൻ
ഭാസുര പ്രാഭാതികതേജസ്സേ നമസ്കാരം.
ആഗമങ്ങളൊക്കെയുമൂഴിയാഴിയും ഭവ—
ദാഗമാനന്ദത്തിനാലുണർവ്വാർന്നല്ലോ നില്പൂ.
പൊന്നൊളിയോളുംവെട്ടമാകാശദേശം നോക്കി
നിന്നു കൂവുന്നു കലാവിദ്യകളെല്ലാടത്തും
പള്ളികൾ മണിനാദം മുഴക്കീ, ശംഖധ്വാനം
പള്ളിക്കുറുപ്പിൽനിന്നുമുണർത്തീ ദേവന്മാരെ.
ഇല്ല കൂരിരുട്ടിന്റെ കൂത്താട്ടമിനിമേലിൽ,
കല്ലിലുമലച്ചുപോയ് കർമ്മകല്ലോലാഘാതം.
വെല്ലുക വെളിച്ചത്തിൻ ജൈത്രയാത്രയിലല—
തല്ലുമിച്ചരാചരധന്യചൈതന്യാഹ്ലാദം!
ഭാരതജനകീയസ്വാതന്ത്ര്യപ്പിറന്നാളിൻ
ഭാസുരപ്രാഭാതികതേജസ്സേ, നമസ്കാരം!

25

# കേരളപ്പിറവി

അവിടെ പ്രഭാതത്തിൻ കനകക്കൊടിക്കുറ
ദിവിപൊങ്ങിനില്ക്കുന്നു കിഴക്കൻകുന്നിൻമീതെ
മലനാട്ടിലെച്ചെറുപുല്ലുകൾപോലും മുന്നിൽ
തലചാച്ചുനില്ക്കുന്നുണ്ടാശിസ്സിൻ മൊഴി ചൂടാൻ.
ഏതൊരു മതത്തിന്നുമേതുജാതിക്കും പൂർണ്ണ–
സ്വാതന്ത്ര്യം പുലർത്തിയ വീരമാതാവെത്തുമ്പോൾ
നീണ്ടകണ്ണുകൾകൊണ്ടു മലനാട്ടുപൗരന്മാർ
തണ്ടലർമാല്യം ചാർത്താനൊന്നിച്ചു നിന്നില്ലല്ലീ!
കരളിൽ ത്യാഗത്തിൻെറ ധനമെമ്പാടും കോരി–
നിറച്ചു പറവെച്ചോ പ്രഭുക്കന്മാരെല്ലാരും?
താലമില്ലയോ ചെറുപെൺകിടാങ്ങളേ, നാരി–
കേളമില്ലയോ വന്നുചേരുവിനെതിരേല്പാൻ!
പടവാളുകൾ തുണ്ടുതുണ്ടായിക്കണ്ടിച്ചതാ–
മുടലിൻ ശകലങ്ങൾ നൂതനചൈതന്യത്താൽ
മുറികൂടിച്ചേർന്നു തൻസൗഭാഗ്യമിരട്ടിച്ചു
മുതിതന്നിരുൾക്കുണ്ടിൽനിന്നുയർന്നുയർന്നതാ
സ്മേരസുന്ദരമുഖപ്പൂങ്കതിർനിര വീശി
കേരളമാതാവുയിർത്തെഴുന്നേറെറത്തുന്നല്ലോ.
വിശ്രുതസാഹോദര്യദൂതിയിമ്മാതാവെങ്ങും
വിശ്വമംഗളത്തിൻെറ വിത്തുകൾ വിതയ്ക്കാവൂ!

## 26

# "വലിയകൊട്ടാരത്തിൽ"

അകൃതകസ്നേഹത്താലാദരപാത്രമാം
പ്രകൃതിസമ്രാജ്ഞിതൻ പ്രൗഢദാസി
പണിമിട്ടുക്കേറുന്നൊരാശയാം സുന്ദരി
മണിയറ മോടിപിടിപ്പിക്കുമ്പോൾ
ഒളിവിലവളുടെ പിന്നിൽ പതുങ്ങിയും
വെളിവിൽ കളിച്ചു കുഴഞ്ഞാടിയും
ഒഴിയാതെ കൂട്ടം ഞാനെൻെറ കുററത്തിനാ–
തൊഴിലാളിപ്പെണ്ണെന്തു ചെയ്യുമെന്നോ:
ഇടയിലിടയിലിടഞ്ഞഭാവം കാട്ടി–
ത്തുട്ടകൈയുലച്ചു ചിരിച്ചുതല്ലും.
വലിയകൊട്ടാരത്തിലാണിപ്പെരുമാററം
വിലകെട്ടതായൊന്നുമില്ലവിടെ.

---

ആശാചാപലം ഈശ്വരദൃഷ്ടിയിൽ ക്ഷന്തവ്യം എന്ന സിദ്ധാന്തം.

27

# ദാസിക്കു ചെങ്കോൽ

ഉലകുടയോന്റെ കോവിലകത്തിൻ—
നിലവറ ചെന്നു തുറക്കാനും
വിലപെരുകീട്ടമപൂർവ്വപദാർത്ഥം
പലതും തേച്ചുതുടയ്ക്കാനും,
മനുജതയെന്നൊരു ദാസിപ്പെണ്ണി—
ന്നനുമതിയുണ്ടവളതിനാലേ,
"തന്നുടെ മുതലൊന്നറിയണമെന്നാ—
ലെന്നെ വിളിക്കണമെജമാനൻ"
എന്നുതെളിഞ്ഞു ചിരിക്കെ പ്രണയം
കണ്ണിലൊളിഞ്ഞു കളിക്കുന്നു.
നാളെപ്പെണ്ണിനപാരതയുടെ ചെ—
ങ്കോലും കൈവശമാവില്ലേ?
തൻകൈകൊണ്ടിത പാരിൻ പെരുമാൾ
പൊൻകോടീരം പൊക്കുന്നു.

---

മനുഷ്യൻ ഈശ്വരനേക്കാൾ മേലെയാണെന്നു വിചാരിക്കുന്നതിനെ ആക്ഷേപിക്കുകയും ഈശ്വരസേവകൊണ്ടു് ഈശ്വരനെക്കൈവശമാക്കാമെന്നു സമർത്ഥിക്കുകയും ചെയ്തിരിക്കുന്നു.

28

# "മരാന"

ആയിരംപവൻ കൊട്ടത്താനയെ വാങ്ങീ വീട്ടി–
ലാനയുമുണ്ടെന്നുള്ളൊരഭിമാനവുമായി.
ആയിടക്കെത്തിച്ചേന്ന് കാര്യസ്ഥൻ പണം വാങ്ങി–
പ്പോയതും നിലാവിൻെറ വെളിച്ചം ചതിച്ചതും,
അകലെസ്സൗധാഗ്രത്തിൽ നിന്നുനോക്കിയ പാവ–
മറിഞ്ഞീലഭിമാനി;യുറങ്ങീ പണക്കാരൻ
കതിരോനുദിച്ചപ്പോളോമനക്കുമാരനു
കണികാണുവാനുള്ള കരിവീരനെന്തെന്നോ?
ജീവനില്ലാത്ത ക്രൂററൻ 'മരാന!' ധനികനു–
ണ്ടാവിലഹൃദയനായ് നില്ക്കുന്നു മാനംനോക്കി!
വിസ്കിത്തംപാറിപ്പോയതെല്ലാരുമറിഞ്ഞല്ലോ,
വിത്തവാൻ ഗൃഹസ്ഥനു സങ്കടമിതുമാത്രം
ഭാവനപറഞ്ഞൊരീക്കഥകേട്ടപ്പോളെൻെറ
നാവുണന്നരുളുയാ"ണിന്നത്തെ വിദ്യാഭ്യാസം!"

29

# അപ്പൻതമ്പുരാൻ

അപ്പടി കത്തിപ്പോയി കേരളകലാശില്പ–
മപ്പൻതമ്പുരാൻതിരുമനസ്സും തീപ്പെട്ടുപോയ്.
പൊക്കിയ തീക്കൊള്ളിയും കൊണ്ടിനിയെങ്ങോട്ടാവോ
നിഷ്കരുണമാകുമാഹതദൈവത്തിൻഹസ്തം!
അന്തരീക്ഷത്തിൽ നിന്നിപ്പുകപോകുമോ നമ്മൾ–
ക്കെന്തിനു മിഴിമേലാൽ ചെഞ്ചോര ചൊരിയാനോ!
പെരുമാളുടെ കാലത്തുണ്ടായ കുറവനും
കുറവത്തിയും വെച്ചകാൽവെപ്പിൻ സൗന്ദര്യവും
പ്രതിബിംബിച്ചുകണ്ട മാനസമുകുരത്തെ–
ച്ചതിയൻതകർത്തല്ലോ ദുർവ്വിധി നിമിഷത്താൽ.
പണ്ടത്തെ സംസ്കാരവും പണ്ടത്തെക്കലകളും
കണ്ടകണ്ണെന്നെന്നേക്കുമായടഞ്ഞു പോയല്ലോ!
എങ്ങനെമറക്കേണ്ടു മലയാണ്മതൻ മുഗ്ദ്ധ–
മംഗളഗീതാമൃതം തുളുമ്പുന്നതിരുമുഖം.
ദുഷ്ടദൈവത്തിന്നൊട്ടു കനിവുണ്ടെന്നാലിപ്പോൾ
ചുട്ടുപൊട്ടിച്ചീടട്ടെ മലനാടെല്ലാമൊപ്പം.
അല്ലെങ്കിൽ കലാസൗധം നഷ്ടശിഷ്ടത്താൽത്തീർപ്പാ–
നല്ലല്ലീകരംനീട്ടി നില്പൂവിണ്ണിലെൻ ദേവൻ.

30

# നാലപ്പാടൻ

ആരെയും വാഴ്ത്തീടാതെ—
യാരാലും വാഴ്ത്തപ്പെടാ—
താരുടേതിലും മീതെ
പ്പൊന്തിയ ശിരസ്സോടെ
ആരട്ടത്തകാലത്തു
ജീവിച്ച ധീരാത്മാവെ—
ന്നാരാനും ചോദിക്കിൽ ഞാൻ
പറയും, "നാലപ്പാടൻ."

ആ മാന്യമിത്രത്തിൻെറ
പുഞ്ചിരിയിൽ ഞാൻ കണ്ടു
പ്രേമസൗഭാഗ്യത്തിൻെറ
വാസന്ത വിലാസങ്ങൾ.
ശോകമക്കവിക്കൊരു
കണ്ണീർത്തുള്ളിയായപ്പോൾ
നാകവും നരകവും
നിഴലിച്ചതിൽക്കണ്ടു.

ആയിരം പൊന്നിൻകുടം
മിന്നുമാവിണ്ണിൻവീണ
വായിക്കും മൗനത്തിൻെറ
ശാന്തഗംഭീരാരാവം

കേട്ടകേട്ടാനന്ദിച്ചീ—
ലെത്രരാത്രിയിൽ നാല—
പ്പാട്ടമുററത്തെത്തെങ്ങും
മണലും ഞങ്ങൾക്കൊപ്പം!
മൃതനല്ലമൃതാത്മാ—
വക്കവിയതാ ഞാനെൻ—
സ്മൃതിയാൽപ്പണിചെയ്ത
പൂമുഖത്തിരിക്കുന്നു.

31

# പി. ശങ്കരൻനമ്പ്യാർ

കാലേകാലേകലാകോമളിമ കതിരിടാ–
നുള്ള കേദാരമായും
മാലേശീട്ടം സുഹൃൽപണ്ഡിതരഭയമിര–
ക്കുന്ന സന്താനമായും
മേലേ മേലേ പുകഴ്ന്നീടിന കവിതിലകൻ
ശങ്കരൻ നമ്പിയാരെ–
പ്പോലാരുണ്ടായിരുന്നു സഹൃദയനരന്നു–
ററാണ്ടു കാലത്തിനുള്ളിൽ?

"ചംപൂനിർമ്മാണകേളീകുശലനിവിടെയു–
ണ്ടിപ്പുകൾപ്പെട്ട ഹൈസ്കൂൾ–
പൊൻപൂണാരം" ചിലപ്പോൾ ചിലരിതുപറയും
പണ്ടു പാഠാലയത്തിൽ;
ഞാൻപള്ളിക്കൂടമുററത്തുപചിതകുതുകം,
ക്ലാസ്സുവിട്ടാൽ ക്ഷണത്തിൽ–
പ്പിമ്പേനോക്കാതെ പോമച്ചെറുകവിയുടെ പോ–
ക്കൊന്നു നോക്കും ചിരിക്കും.

എങ്ങാക്കൗമാരതേജോഭര,മുപഗതമാം
യൗവനത്തിൻ പുളപ്പെ,–
ങ്ങെങ്ങാവൈദുഷ്യ—മെല്ലാം നിയതിയുടെ
കടല്ക്കോളിലസ്തംഗമിച്ചു!

ഇങ്ങാബ്ഭാവാനുബദ്ധസ്മരണ നിലവില്ല;—
ണ്ടായതേ പോരുമെന്നും
മാംഗല്യസ്നിഗ്ദ്ധഗാനത്തിനുമനമരുളും
വീണവായിച്ചുനില്പാൻ.

പണ്ടത്തെഗ്ഗൗരവം തിങ്ങിനകവിതകഥാ—
ശേഷമായ്ത്തീൎന്നു; ദൈന്യം
പൂണ്ടുള്ളോ'രക്ഷരശ്ലോക'വുമപഗതലാ—
വണ്യചൈതന്യമായി!
കണ്ടെത്തുന്നെന്നു പൂൎവ്വസ്ഥിതിയിലിനിയുമാ
നഷ്ടസമ്പത്തുയത്തി—
ക്കൊണ്ടെത്തും പൊന്നുഷസ്സിൻകരനിരകണികാ—
ട്ടുന്ന കല്യാണരംഗം!

തണ്ടാരമ്പൻകൊതിപ്പോരഴ,കമുതുറവോ—
ലുന്നചേലാൎന്നനോട്ടം,
കണ്ടാലല്പം ചിരിച്ചങ്ങനെ മധുരമുര
യ്ക്കുന്ന വാചാവിലാസം,
മുണ്ടാഗുൽഫാവലഗ്നം, ചെറുതു ചുളിപെടാ—
തുള്ള ഷർട്ടേവമീ ഞാൻ
കണ്ടാവൂ വിണ്ണിലാമേചകമുദിരമുടി—
ക്രോപ്പെഴും പുണ്യവാനെ!

32

# ജീവിതാനുഭവങ്ങൾ

പാദം പിണച്ചിട്ട വലത്തുകൈയിൽ—
പ്പതിഞ്ഞ വക്ത്രത്തൊടൊരുച്ചനേരം,
പൊളിഞ്ഞ ബഞ്ചൊന്നിലനേകചിന്ത
പൊള്ളിച്ചിട്ടും ഹൃത്തൊടൊരാളിരിപ്പൂ. 1

നവീനരക്ഷാപുരുഷന്റെ തോട്ടം—
കാവല്ക്കിരിപ്പാണിവനസ്വതന്ത്രൻ;
ഇവന്റെ കീറക്ഖദർമുണ്ടുകണ്ട
കേരങ്ങൾ ചുററും തലചായ്ച്ചുനില്പൂ! 2

ചിന്തുരവുംതൊട്ട, നരച്ചകേശം
പിന്നോട്ടുകെട്ടിത്തിരുകിപ്രകാമം
മുറുക്കിട്ടുന്നുണ്ടൊരു തള്ള തെങ്ങിൻ
കോച്ചാടയും പട്ടയുമൊട്ടുദ്ദൂരെ. 3

ചെഞ്ചേലചുററിച്ചിലപൂക്കൾചൂടി—
ച്ചുഞ്ചായൽപിന്നിപ്പുറകോട്ടുതള്ളി
ഒരുത്തിയുണ്ടോലമെടഞ്ഞിടുന്നു
മുറുക്കിയും തുപ്പിയുമങ്ങൊരേടം. 4

മുഖത്തുമേൽമീശ ചുരുങ്ങിനില്ക്കും
മനുഷ്യനെക്കണ്ടവളോതി മന്ദം:

“ഇതേഴയാ? പാവ്വയിലേഴയെൻറ്
തോൻറാ,തിവൻതാൻ മലനാട്ടശിങ്കം.” 5

നിന്നൂഹവും സുന്ദരി,സത്യ;മെന്നാ–
ലിന്നേഴതാനീയഭിജാതവിദ്വാൻ
കട്ടത്തദുർദ്ദൈവമിടഞ്ഞു നാട്ട
കടത്തിയോ,നീമലനാട്ടകാരൻ. 6

ആലോചനാശൂന്യതയെത്തുണപ്പാ–
നാചാരമര്യാദകളൊത്തുകൂട്ടം;
ആജന്മശുദ്ധൻ ദുരവസ്ഥനാകു;–
മാജാതിയത്രേ മലനാട്ടവൃത്തം. 7

പ്രവാചകൻ ഗാന്ധി നടന്ന കോൺഗ്രസ്സ്–
പ്രമാണമോതുന്നൊരു കാലഘട്ടം.
വഴക്കുപൊട്ടീ ശിവമന്ദിരത്തി;–
ലത്യത്ഭുതം മർത്ത്യഹൃദന്തതത്ത്വം. 8

മുട്ടാളർ തമ്മിൽ തലതച്ചുടച്ചേ,
പട്ടാളവും വന്നു കയർത്തുനില്ലേ;
വിട്ടൂജനം വീടുകൾ; കാന്ദിശീക–
ക്കൂട്ടത്തിലപ്പണ്ഡിതനാണു മുമ്പൻ. 9

മനുഷ്യഹിംസാപ്രവണത്വമോർത്തു
മനസ്സിലായാൾക്കൊരു കോളിളക്കം
നിനച്ചുപാവം “പരിശുദ്ധ ഗാന്ധി
നേതാവിലാത്മാർപ്പണമിന്നുവേണം,” 10

വിവേകമോ സാഹസമോ, നിനച്ചീ–
ലാവേശഭാരത്തികവാന്നനേരം;
ഇവൻ ഭവിഷ്യത്തറിയാതെ വേഗം
കൈവന്ന സക്കാർപ്പണി രാജിവെച്ചു. 11

ഇവന്റെ മൂദ്ധാവിലണഞ്ഞു പുത്തൻ–
ദാമ്പത്യഭാരച്ചുമടൊട്ടു മുമ്പേ;
തുടന്നൊരാദശ്പരായണാത്മം
തുലഞ്ഞുപോയ് തെല്ലിടകൊണ്ടുതന്നെ. 12

കേൾവിപ്പെട്ടം കാരണവന്റെ മുമ്പിൽ
കുനിഞ്ഞുനിന്നൊന്നുമിരന്നിടാതെ
ഭഗ്നാശനീയാൾ തമിൾനാട്ടിലെങ്ങാൻ
ഭാഗ്യംപരീക്ഷിക്കണമെന്നുറച്ചു. 13

പരസ്പരസ്നേഹവിഹീനഭാവം
പാരുഷ്യദുർഗ്ഗന്ധ, മനിഷ്ടകർമ്മം
കൈകാര്യകർത്താവൊടകന്ന ദിക്കിൽ
ദുരന്തദാരിദ്ര്യതമോവികാരം. 14

ഒരായിരം തിന്മകളീവിധത്തി–
ലൊന്നിക്കുകിൽജ്ജന്മികുടുംബമായി;
അതിങ്കലൊന്നിങ്കലൊരംഗമീയാ;–
ളെന്തുണ്ടിവന്നേഴയിൽ നിന്നുഭേദം? 15

സംബന്ധമര്യാദയെയും, പരുക്കൻ
സാമൂഹ്യമാമൂല്യകളേയുമൊപ്പം

നമിച്ചതാ, യാത്രതുടൻ പാവം;
സാഹിത്യമൊന്നേ തുണചെന്നതുള്ളൂ. 16

ഉച്ചയായ് സമയമേതുപക്ഷിയും
പച്ചിലക്കുടിയിൽ വിശ്രമിക്കയായ്;
ഒച്ചയില്ലിനിയ നാട്ടിലാ, സ്ഥല-
ത്തു ചലിച്ചിടുവതില്ല വായുവും. 17

കുന്നുതൻചെരുവിലാതപം നിലാ-
വെന്നമട്ടനുഭവിച്ചു കൂട്ടമായ്
നിന്നിടുന്നു, ചില പൂച്ചെടിപ്പഴം
തിന്നുകൊണ്ടു പശുപാലബാലകർ 18

കൂടുവിട്ടകിളി കുഞ്ഞിനെപ്പുല-
ത്തീടുവാൻ ചിറകടിച്ചുപോംവിധം
കാടുമേടുകളവൻ കടക്കയാ-
ണീടുകൂട്ടമുട്ടമുണ്ടു പാറവേ 19

കത്തിടുന്ന ജ്വരത്തൊടധ്വഗൻ
പത്തുനാഴിക നടന്നു താന്തനായ്
ഹസ്തമൂന്നി വഴിവക്കിലൊന്നിരു-
ന്നത്തരത്തിലരികത്തു നോക്കിനാൻ: 20

ശോണമാം തളിർ തഴച്ചുനിന്ന പു-
ല്ലാനികണ്ടളവിലോർത്തുപോയിവൻ
തീനിനുള്ളവകയാണിതാടുകൾ,-
ക്കീനരക്കുമിതു ഭോജ്യമായ് വരാം. 21

രണ്ടുനാലില പറിച്ചു തിന്നവേ
തൊണ്ടകാറിയധികം വരണ്ടതും,
ഇണ്ടലാന്നവിടെമോഹമാണ്ടതും
കണ്ടകല്ലുകളലിഞ്ഞിരിക്കണം. 22

ചുട്ടവെയ്ലിനു നിലാവു നല്കിട്ടും
വിഷ്ണുപേശലനിൽ വിശ്വസിക്ക നീ
കേട്ടശുദ്ധഹൃദയത്തിലന്നടി—
ത്തട്ടിൽനിന്നു മണിനാദമത്ഭുതം. 23

ചായ തെല്ലൊരുവനേകി രാത്രിയിൽ
പ്പായഭൂമി തിരുമാറുമേകിനാൽ;
ആ യുവാവിനു കൊട്ടത്തു പൂനിലാ—
വായ വെള്ളവിരിയൊന്നു ചന്ദ്രനും. 24

വീശി മാരുതനവന്റെ മേനിയിൽ,
ക്ലേശമറ്റവനുറങ്ങി രാത്രിയിൽ;
ആശവിട്ടതുകണക്കുറക്കമെ—
ശ്ശൈശവത്തിലുമണഞ്ഞതില്ലിവൻ. 25

വിണ്ണിനുള്ള നവചേതനാമൃതം
പൊന്നണിപ്പുലരി നല്കിനില്ക്കവേ
അന്നുണന്നുടനതാദരിച്ചിവൻ
ധന്യധന്യനെഴുന്നേറ്റു യാത്രയായ്. 26

മാരിപെയ്തുളവിടെയ്യൊരാൽമരം
ചാരിനിന്നഥ നടന്നു പോകവേ

SAHITHYA VILASINI LIBRARY
AYATHIL, KILIKOLLOOR P. O.
SPORTS CLUB & GYMNASIUM

നാരിമാരതുവഴിക്കു ചെല്ലുവോ—
രാരിതെന്നു ചിരിപൂണ്ടു നോക്കിനാർ. 27

മാമരച്ചിതലലിഞ്ഞു ചേന്നെഴം
മാരിനീരൊഴുകി വീണപാട്ടുകൾ
മാതർ കണ്ടവർ ചിരിച്ചതേതുമേ
മായുകില്ലിവനു മണ്ണിൽ വിണ്ണിലും. 28

നീട്ടിയോരു നരപൂണ്ടമീശ കൈ—
പ്പെട്ടിയെന്നിവയൊടൊത്ത വൃദ്ധനെ
കിട്ടിയാവഴിയിൽവെച്ചു വൈദ്യനെ—
ക്കൂട്ടിനായൊരു മഹമ്മദീയനെ. 29

ചെട്ടിയാരൊരു ദരിദ്രനാതുരൻ
റോട്ടുവക്കിൽ വടവിറ്റിരിക്കവേ
കാട്ടിവൈദ്യനൊരു ലേഹ്യമോതിനാൻ:
'ദ്ദുട്ടുവേണ്ട വെറുതേ തരുന്നു ഞാൻ.' 30

തെല്ലു ദക്ഷിണകൊടുത്തിടാഞ്ഞിൽ മാ—
റില്ല രോഗമിതു ശാസ്ത്രമാകയാൽ
വല്ലതും തരണമെന്നു വാങ്ങിനാ—
നുള്ള നാലണമുരച്ചമുഷ്കരൻ. 31

ഓതി പിമ്പിവനൊടായവൻ, "ഭവാൻ
ഖ്യാതിയേറുമൊരു മന്ത്രവാദിയായ്
ഏതിടത്തുമിവനൊത്തു പോരണം
ഭീതിവേണ്ട പരവഞ്ചനം പണം." 32

രണ്ടുമൂന്നാണകൊടുത്ത വൈദ്യരോ—
ട്ടുണ്ടു നന്ദിയിവനെന്നിരിക്കിലും
പൂണ്ടു നിർവ്വതി,യവൻ പിരിഞ്ഞുപോ—
യ്യോണ്ടവാറ ഭയമാന്ന മാനസം. 33

ചട്ടലഹൃദയനങ്ങിങ്ങൊട്ടുനാൾ
കെട്ടലഞ്ഞി—
ട്ടൊട്ടുവിലിവിടെ 'വൈത്ത—
മ്പാളയ'ത്തിങ്കലെത്തി
ഉടനവനൊരു വാദ്ധ്യാരായി,
വേലയ്ക്കിടയ്ക്കു—
ന്നുടയവനുടെ തോട്ടംകാവലും
വേണ്ടതായി. 34

ഇവനെവനറിയേണ്ട, കാവലിൽ
കവനകുതുഹലകേളികാണുവോൻ;
ഭുവനകഥകൾ മാറു, മന്നിവൻ
ഭവനജനാദരയോഗ്യഭാഗ്യനാം. 35

# ഇന്നത്തെക്കവിത

ഒരുവേളികഴിഞ്ഞു പണ്ടുകാല–
ത്തഴകാഹ്ലാദമൊടൊത്തുചേർന്നനാളിൽ
ദിവസേനയതിന്റെ സദ്യയാണി–
ങ്ങവസാനിക്കുകയില്ലതേതുനാളും. 1

വരിനെല്ലരി ചേർത്തുതീർത്ത ദിവ്യം
പരമാന്നം പരിശുദ്ധ പുണ്യഗന്ധം
പരമാർത്ഥികളാസ്വദിക്കയാം നെയ്–
ത്തിരി കത്തിച്ച വിളക്കിനന്തികത്തിൽ. 2

ചിലദിക്കിലിണങ്ങുമത്ഭുതച്ചാ–
റൊളിമിന്നുന്ന പദാർത്ഥമാകുവോളം
പുളകം പുലരുന്ന പണ്ഡിതന്മാർ
വിലയോർത്തോർത്തതിവേലമാസ്വദിപ്പൂ. 3

പുലർവേളയിലെന്റെ സദ്യയാം പൊ–
ന്നൊളിമിന്നുന്ന പരന്ന പൂവനത്തിൽ
കിളികൊഞ്ചുമിടത്തിൽ മംഗളപ്പൂ–
ങ്കുല പുത്തൻമധുകാട്ടുമാസ്ഥലത്തിൽ. 4

ചെന്നെത്തിപ്പുതുപനിനീർനിരയ്ക്കു നേരേ
നിന്നപ്പോളൊരു മൊഴി കേട്ടു പിന്നിലേവം:
"ഇന്നത്തെക്കവിത വഴിഞ്ഞിടുന്ന പൊന്നിൻ
കിണ്ണത്തിൻവരിയിലണഞ്ഞു ഭാഗ്യവാൻ നീ." 5

34

# “സ്വാതന്ത്ര്യം”

വലിച്ചുകെട്ടണം ധർമ്മം
ഹൃദിമംഗളമോലുവാൻ
വീണക്കമ്പി മുറുക്കേണം
ഗാനമാധുരി കോലുവാൻ. 1

വിശ്വകർത്താവു കല്പിച്ചു
വാഴിച്ച നിയമത്തിനാൽ
വീതമാംഗള്യവിച്ഛേദം
വിജയിക്കുന്നു ജീവികൾ. 2

നിയമത്തിൻെറ വഴിയെ
നീളെപ്പായുകയല്ലയോ
നാൾതോറും ചെയ്തുപോരുന്നു
നക്ഷത്രഗ്രഹസഞ്ചയം. 3

വിണ്ണിനും മണ്ണിനും നിത്യം
വായുവീശിക്കൊടുക്കയാം
വീതിഹോത്രൻ ചെയ്തിടുന്നു
വിശ്വപാചക വൃത്തികൾ. 4

അതാതിന്നു ശുഭത്തിന്നാ—
യതാതു പണി ചെയ്യണം
അതാണു വിശ്വകർത്താവിൻ
സ്വതന്ത്രത്വാനുശാസനം. 5

## 35

# ജീവിതവിപ്ലവം

നരദേഹമിതെൻെറ ദൃഷ്ടിയിൽ-
പ്പുരുവിസ്താരമിയന്ന രാഷ്ട്രമായ്
സിരതൊട്ടളവററ പൗരരു-
ണ്ടൊരുമിച്ചായവർ നാട്ടവാഴ്ചയാം. 1

ഉടലിൻ ജനകീയവാഴ്ചയിൽ
ക്കെട്ടമാമൂല്യകളുണ്ടൊരായിരം
കുടിതീനിവതൊട്ടതൊക്കെയും
സ്സ്ഫുടമാണില്ലൊരു നീക്കപോക്കതിൽ. 2

തുലയേണ്ടതുതന്നെയാവിധം
പലതും ജീവിതയുദ്ധഭൂമിയിൽ
നിലവിട്ടതിനല്ലിദൈഹികം
ചലനം സ്സിദ്ധഗഭീരവിപ്ലവം. 3

പരതന്ത്രതയെത്തകക്കുവാൻ
പരമം സ്വാസ്ഥ്യമെട്ടത്തുകാട്ടവാൻ
മരണം പരിപൂണ്ണവിപ്ലവം
വരുമാവത്തനമുന്നൃമന്തിയിൽ, 4

വേണം പോരിന്നറുതിയൊരുനാൾ
വിപ്ലവത്തീയിൽ വെന്തേ
പോണം ബാഹ്യപ്രകൃതി ജഡതാ
ജുഷ്ടദൗഷ്ട്യങ്ങളെല്ലാം
പ്രാണൻവെന്നിപ്പുകളൊട്ടയരും
പുത്തനാം കാഴ്ച മേന്മേൽ
ക്കാണിച്ചോരോ നിമിഷമണയും
വിപ്ലവം വെൽവുതാക! 5

## 36

# "ആറാട്ടുപുഴെപ്പൂരത്തിൽ"

നേരം രാവൊരു പത്തുനാഴിക കഴി–
ഞ്ഞെന്നാണു തോന്നുന്നത;–
പ്പൂരത്തിങ്കൽ മുഴക്കിടുന്നു പുകഴും
പഞ്ചാരി ഝംഝാരവം
ആരാറാട്ടുപുഴ പ്രശസ്തി കലരും
പൂരത്തിനായ് ചെന്നുചേ–
ന്നാരാസ്ഥേ്യാനപരം വിനോദ,മവനീ
ഞാൻ പിന്നെയെൻ കൂട്ടരും. 1

കണ്ടേറ്റുകോലമിണങ്ങി മഞ്ജിമപെട്ടും
പൊന്നിൻ തലേക്കെട്ടുമായ്
ഘണ്ടാകപാണമുതിത്തു കുഞ്ജരവരൻ
മന്ദം നടന്നീടവേ,
രണ്ടാംമുണ്ടു ചുരുട്ടിയിട്ട ചരലിൻ
കൂരമ്പിലുത്സാഹമുൾ–
ക്കൊണ്ടക്കൊച്ചുമതില്ക്കകത്തിവർ മുറു–
ക്കിക്കൊണ്ടിരിക്കുന്നിതാ. 2

ഇല്ലാ സംശയമാക്കുമെന്തിഹ തുട–
ങ്ങീടേണ്ടതെന്നോതി ഞാൻ:
'ചൊല്ലാം' ചൊല്ലുകയായ് മണംപെരു–
കിടും പദ്യം മുറസ്ഥേ്യവരും;

തെല്ലാബ്ഭാവരസപ്രദർശനമണീ—
രംഗം തകക്കുന്നൊരാ
സ്വർലോകക്കളി കണ്ടിടാതെ നിഭൃതം
നീങ്ങുന്നു നാനാജനം. 3

കൂടിക്കൂടിവരുന്നു വന്നരികിലായ്—
ക്കൂട്ടന്ന കൂട്ടാളിമാർ,
മോടിക്കൊത്തൊരു വേഷമാന്നവർ,
മുറിശ്ലോകങ്ങൾ ചൊല്ലീട്ടവാൻ
പാടില്ലെന്നു വിലക്കുവാനെവിടെയാ—
ളാരെന്തു ചെയ്യുമ്പൊഴും?
ബീഡിക്കുററിയിൽനിന്നുയന്ന പുകയും
കോവിൽക്കകം കണ്ടിടാം. 4

ആകപ്പാടെ മുഷിഞ്ഞിരിക്കുമളവിൽ
പ്പെട്ടെന്നതാ വാനിട—
ത്താകമ്രദ്യുതിപൂണ്ടു ചിന്നിയുതിരും
പൊന്നിൻ വെടിക്കെട്ടുകൾ;
പോകുന്നെന്നെഴുന്നേററു ഞങ്ങളവിടം
വിട്ടുപ്പുറത്തക്ഷര—
ശ്ലോകം ചൊല്ലുകയായ്;ണനേക രസമീ
സ്സാഹിത്യഗീതാമൃതം. 5

ഹാ! രംഗസ്ഥിതിയത്തുമാറി; കാണുവാനി—
ല്ലാരേയും; സഹൃദയരാം സുഹൃജ്ജനങ്ങൾ
ഒരോരോവഴി നടകൊണ്ടു; മൂകനായ് ഞാൻ
പൂരത്തിന്നിടയിൽ നടക്കയാണു നീളെ. 6

37

# സ്വാതന്ത്ര്യബഹളം

സ്വാതന്ത്ര്യകാഹളഗഭീരനിനാദമെൻെറ
കാതിൽക്കിടന്നു ചില മംഗളമോതിയാലും
ചേതസ്സിലെത്തിയതനുക്ഷണമാഞ്ഞെല്ലാം
പ്രേതപ്ര്രോദനപരമ്പരയൊന്നുമാത്രം. 1

ഹാ! നാരകപ്പടകളുഴിയിലിന്നവർക്കി—
താനന്ദനം നരശിരസ്സരിയും വിനോദം;
പ്രാണപ്രയാണപവനാഹതമായൊലിച്ചു
കാണുന്നു ഞാൻ നരനിണപ്പുഴ നാലുപാടും! 2

ബാലൻെറ പാപമറിയാത്ത മനോജ്ഞഹാസം
ബാലാജനത്തിനുടെ മുഗ്ദ്ധകടാക്ഷപാതം
ചേലുററ കാവ്യമധുമാധുരി, ദിവ്യഗീത
ലീലാവിലാസമിവയെത്ര തുലഞ്ഞുപോയി! 3

സ്നേഹം മനുഷ്യഹൃദയത്തിൽ വെളിച്ചമേകം
സ്നേഹം, മതം; മദിര മററു മതംസമസ്തം
ആഹന്തബുദ്ധജനിപാവനഭൂവിലസ്സ്ര—
ദാഹം മതോൽക്കടമദോത്ഥമിതെന്തുപാപം! 4

മോഹാസിതൻകുടിലശോണിതശോണജിഹ്വാ—
വ്യാഹാരമില്ലിക്കുലവൻകൊലയെന്നു കേൾപ്പു

ആഹാരമററു ജനിഭൂവിൽമരിപ്പതിന്നും
ഹാ! ഹാ! സ്വതന്ത്രത തരില്ലനുവാദമെന്നോ! 5

വീടും കുടുംബവുമനേകധനങ്ങളും തൻ—
നാടും വെടിഞ്ഞരിയ ജീവനു രക്ഷനേടാൻ
ഓടുന്ന സാധുജനതേ, വനപർണ്ണശാല
തേടിപ്പിടിക്കിലഭയസ്ഥലമങ്ങുകാണാം. 6

ജാതൻ ജീവിച്ചിടുന്നില്ലൊരുനിമിഷവുമ—
ന്യാശ്രയം വിട്ട മർത്ത്യ—
സ്വാതന്ത്ര്യം ദൂരദൂരം, കുരുടരത്തുതിര—
ഞ്ഞോടിയെത്തും മതങ്ങൾ
ഹാ! തമ്മിൽക്കൂട്ടിമുട്ടിക്കുടുകുടെയുടലിൽ
ചെന്നിണം വാർന്നുരക്കെ
പ്രേതക്കാട്ടിൽകിടന്നങ്ങനെ മുറവിളി കൂ—
ട്ടുന്നു; ഞെട്ടുന്നു ലോകം! 7

38

# മുത്തശ്ശി

നവകുതുകവിലാസം പൂത്തകൗമാരകാല—
ത്തിവനുടെ മിഴി മുന്നിൽ കണ്ട മാംഗല്യരംഗം
അവികലമിഹ കാണുന്നുണ്ടൊരസ്സ്പൃഷ്ടഹസ്തം
യവനികപലതൊപ്പം നീക്കവേ നിന്നിമേഷം. 1

ഒരുപഴയകുടുംബം: പാഴ്പ്രഭുത്വക്കിനാവിൻ
പരിചകൾ, ചുമരിന്മേൽത്തങ്ങി മൗനംഭജിച്ചും,
ജരപലപടിനക്കിത്തിന്നുമൊട്ടൊട്ടുമാഞ്ഞോ—
രരുണിമയൊട്ടു കാണും, കല്ലറയ്ക്കുള്ളിൽ നീളെ. 2

പറവകളഭയത്തിന്നാശ്രയിക്കുന്ന ശാഖാ—
നിരയിലിലകൾ തുള്ളിച്ചാട്ടമശ്വത്ഥവൃക്ഷം
തറയിളകിമറിഞ്ഞാ നാലുകെട്ടിൻപടിക്കൽ
പ്പുരയിടമൊട്ടതൊട്ടായുണ്ടു പാറാവു നില്പു. 3

അതിനുടയസമീപത്തുണ്ടു രണ്ടമ്പലം; വെൺ—
മതികലയണിവോനാണൊന്നിലെദ്ദേവദേവൻ
മതിലതിനൊരിടത്തും കാണ്മതില്ലാഭിജാത്യ—
ക്ഷതിയൊടതൊരു വേലിക്കുള്ളിൽ നാണിച്ചു നില്പു. 4

അരികിലപരമൊന്നുണ്ടച്യുതക്ഷേത്രം; മങ്ങു—
ത്തരളിതഹരിപാദാംഭോജഭക്തിപ്രകർഷം

നിരവധികജനത്തിന്നുൾക്കളം പാൽക്കടൽക്കോൾ–
ത്തിരയടികളിൽ മുക്കിപ്പൊക്കി മെച്ചത്തിൽനില്പൂ. 5

അവിടെമിഴിയടച്ചമ്മമ്മ പൗത്രന്നുനിത്യം
ഭവികമണയുവാൻ കൈകൂപ്പിനില്പൂ, നടയ്ക്കൽ;
അവിരളമിളകീട്ടും ശംഖനാദത്തിനാലാ–
സ്സുവിദിതയെവിളിപ്പീലല്ലിവൈകുണ്ഠലോകം? 6

വരുമരിയഗൃഹത്തിൽ കുട്ടനെന്നോർത്തുഭൂമീ–
സുരപരിഷനിറഞ്ഞോരമ്പലത്തിങ്കൽനിന്നും
മുരരിപുപദസേവാധർമ്മവും നീട്ടി വെച്ച–
ങ്ങുരുമയൊടിവനെത്താൻ കാത്തു മുത്തശ്ശി നില്പൂ. 7

സരഭസമൊരുമട്ടിൽച്ചാടിമുങ്ങിക്കുളിച്ചി–
ട്ടൊരടിമതിലകത്തേയ്ക്കൊന്നു വെച്ചോടിയെത്തി
കരുതിനപലഹാരം കാട്ടുമമ്മമ്മയോടായ്–
'തരികതരിക'യെന്നെൻ കൈകൾ നീട്ടുന്നിതാഞാൻ. 8

"ഉടലൊട്ടുതലതാഴ്ത്തിത്താണുമുങ്ങീലയോ? കാ–
ലടികൾ കഴുകിയില്ലേ മണ്ണുതൊട്ടേഴുവട്ടം?
ഞൊടിയിടയിൽ വരാനെ?ന്തമ്പലത്തിന്നകം പൂ–
കിടുവതിനുമടിച്ചെൻ കുട്ടനോടീലയല്ലോ?" 9

ഇതുവിധമനുയോഗം ചെയ്യുമമ്മമ്മയോടായ്
പതിവുപടിയുരപ്പൂ "ചെയ്തുഞാൻ ചൊന്നതെല്ലാം"
കൃതകനിലമറച്ചുംകൊണ്ടുതൻ സത്യസന്ധ–
സ്ഥിതിവെളിവിൽ നടിച്ചല്ലല്ലിവെല്ലുന്ന ലോകം? 10

മനതളിരിലൊളിക്കും സത്യമിന്നാമിന്നുങ്ങിൻ
ചിറകിളകിയപോലാം പിഞ്ചുകാൽവെപ്പിനാലേ
കുരളയിലൊരുനേരിൻ കാന്തി ഞാൻ കാട്ടിനില്പ്പാ;–
ണഹഹ മൃദുലമുഗ്ദ്ധം മർത്ത്യകൗമാരമൗഢ്യം! 11

വ്രതവിലുളിതമംഗം, വംശവാത്സല്യമാധവീ–
മധുരമധുരമാസ്യാംഭോജമാജന്മശുദ്ധം,
മൃഴസുകൃതമരാളം വിണ്ണിലേക്കുൽക്രമിക്കും
പൊഴുതിളകിനപക്ഷംപോലെ മിന്നുന്നകേശം; 12

മറയവനൊരുധൂർത്തൻ തന്നെയെത്തുമ്പൊഴെല്ലാം
വിറയുടയകരത്താൽപ്പാദ്യപാത്രത്തെയേന്തി
ഉരപെരിയകുടുംബത്തിൻെറ മാനം പുലർത്താ–
നിറയമണയുമത്രുസ്സുള്ളൊരൗദാര്യശീലം; 13

മഹിതഗുണമിതെല്ലാമൊത്തിണങ്ങുന്ന മാതാ–
മഹിവിരൽകളിലോട്ടം മാലയൊത്താലയത്തിൽ
വിഹിതഭവനരക്ഷാദീക്ഷനാമം ജപിപ്പൂ;
മഹിയിലിഹമനസ്സേ! വീഴ്ക സാഷ്ടാംഗമായ് നീ! 14

മാമൂലിൻജീർണ്ണമാകും തടിതടവകലും ശ്രദ്ധ
യാൽസ്സേചനം ചെ–
യ്താമൂലാഗ്രം തളിർപ്പിപ്പൊരു ഭുവനവനീ
ധാത്രിമാരിത്തരത്തിൽ
പ്രേമപ്പൂന്തേൻ പുലർത്തുന്നവരനവധിയു
ണ്ടെങ്ങുമാസ്സാധ്വിമാരിൽ
ബ്ഭൗമശ്രീകുററമോതും പൊഴുതയിമനമേ!
മൗനമേ മാനമെന്നും! 15

39

# പുലരിയിൽ

പുരുഹൂതപുരത്തിലുള്ളതാം
പുരടപ്പൂമ്പൊടി പാരിൽ നീളവേ
പുലരിക്കൊടയോരു തൃക്കരം
പുതുഹർഷത്തിനു വാരി വീശവേ, 1

ഉണരുന്ന ചരാചരങ്ങളെ-
പ്പുണരുന്നു സരസം സമീരണൻ
മണമാർന്നു തെളിഞ്ഞ മണ്ണിലെ-
ത്തൃണവും താണ്ഡവമഭ്യസിക്കയായ്. 2

തരുകോടരസീമവിട്ടിടാൻ
ചിറകൊട്ടൊട്ടു കുടഞ്ഞിളക്കവേ
ചെറുപക്ഷികളെങ്ങുമുൽഗതി-
പ്പൊരുൾപാട്ടുന്നു വിടന്നുകൊക്കിനാൽ. 3

കളധൗതവിലാസമോലുവാൻ
കരിയും കോലുമെടുത്ത കർഷകൻ
വിളഭൂമിയുഴന്നു നീളവേ
കളഗാനോർമ്മിളകമ്രകണ്ഠനായ്. 4

ഇരുൾമൂടിയിരുന്ന മണ്ണിൽമു-
മ്പിരവിൻവാഴ്ചതുടന്നവേളയിൽ

ഇരതേടിയിരുന്ന ഹിംസ്രമാം
നരിയെക്കാണ്മതിനില്ലൊരേടവും. 5

മുടിചൂടിയ തമ്പുരാനുമേ
മടിവിട്ടങ്കണസീമ്നി സസ്മിതം
ഉടയാടകൾ നെയ്ക്കയാണു തൻ–
മടവാരൊത്തു മനോജ്ഞമാം വിധം. 6

സരസം ഗൃഹധർമ്മവൃത്തിയിൽ–
ത്തരളാപാംഗികളിപ്പുലർച്ചയിൽ
കരകങ്കണശിഞ്ജിതങ്ങളാൽ–
ദ്ധരതൻഭൂതിയെ വാഴ്ത്തീടുന്നിതാ. 7

പട്ടുപൂങ്കവിൾ ചാരുതുല്യമായ്–
ച്ചുടുകാട്ടിൽപ്പുലരുന്ന ചുള്ളികൾ
തുടുവർണ്ണമിയന്ന ജാതിയിൽ–
പ്പെട്ടമീയന്തരമത്ഭുതാത്ഭുതം! 8

ഇളയിൽസ്സുഖഭോഗലോലമാ–
യിളകും മാനവജീവിതോത്സവം
വിലകെട്ടതു വാനമേ, നിന–
ക്കലസം കണ്ണുമടച്ചു നില്പുനീ. 9

ശരി, നിൻനിലയേവമാട്ടെ, മൺ–
തരി നിൻനേർക്കു മലർന്നുനോക്കവേ
ചിരിപൂണ്ടിളകാതെ നില്ക്കയാ;–
ണറിയുന്നീലതു നീയനന്തമേ! 10

ഒരു നിമിഷമേ പററൂ കാണാ—
നുഷസ്സിനെഴുന്ന കൈ—
വിരുതില്ലലകിൻ കെട്ടും മട്ടും
മനോരമ രീതിയിൽ;
ചെറുതുമതിലില്ലാശാഭംഗം;
കുറച്ചിടയെങ്കിലും
കരുതിനസുഖം കൈവന്നല്ലോ;
കൃതാൎത്ഥനതോൎത്തുഞാൻ. 11

SAHITHYA VILASINI LIBRARY
AYATHIL, KILIKOLLOOR P. O, QUILON.
SPORTS CLUB & GYMNASIUM

# “അപ്പുറത്തേയ്ക്കു”

സ്ഥിരമാം പൊരുളിന്നുമേൽക്കിട–
ന്നുരുളും ജീവിതചക്രപാളികൾ
ത്വരപൂണ്ടു വലിപ്പതെന്നെയെ–
ങ്ങറിവാൻ നോക്കുകയാണു പാഴിൽ ഞാൻ. 1

വരുമന്തിയിലന്ധകാരമാ–
മൊരുപക്ഷെക്കുളിർവെണ്ണിലാവുമാം
നരലോകമിതെൻെറ ജീവന–
ന്നൊരു ദുസ്വപ്നചരിത്രമായ്‌വരാം. 2

ഇരുൾവിട്ടതിലും കനത്ത കൂ–
രിരുളിൽ തേരു തകർന്നു വീഴവേ
തിരയാമെഴുന്നേററുനിന്നുഞാൻ
തിരിയേ പോംവഴി ശൂന്യഭൂമിയിൽ 3

മിഴിമുന്നിലണഞ്ഞു മംഗളം
മൊഴിയും ശാശ്വതകർമ്മസാക്ഷികൾ
വഴികാട്ടുകിൽ വിണ്ണിലേറിനി–
ന്നഴകിൻമാധുരി മോന്തിയെന്നുമാം. 4

പരിധിക്കകമസ്വതന്ത്രനായ്–
ത്തിരിയാമിങ്ങനെ വല്ല ദിക്കിലും;
പരവിശ്രമദേശമില്ലയോ?
നരനങ്ങോട്ടു കുതിക്കിലെന്തുവാൻ? 5

41

# പുണ്യദേശം

പേരാളും പെരിയ പുരാണഭൂമി കാണ്മൂ
ധാരാളം വിഭവമിണങ്ങി മങ്ങിടാതെ
താരാർമാതിവിടെ മഹീധ്രമാമരത്തിൻ
നീരാളക്കൊടികളുയർത്തി മുമ്പുതന്നെ. 1

നാകത്തോപ്പിലെ വിലയുററ കല്പവൃക്ഷം
പാകത്തിൽപ്പലവിധമീ വിശുദ്ധഭൂവിൽ
പാകപ്പെട്ടിതവിജയിപ്പുനാരികേള
സ്തോകത്തിൻവടിവിൽവിളഞ്ഞ കാന്തിയോടെ. 2

മാധുര്യപ്രഥിതസുധാനിധാനമാകും
മാകന്ദദ്രുമഫലമുല്ലസിക്കെയാക്കും
മാണിക്യച്ചെറുമണിമാല വാങ്ങുകെന്നായ്
ക്കാണിക്കും മരിചലതാമതല്ലിവെൽവൂ. 3

നീളത്തിൽക്കളകളഗീതി മൂളിയോരോ
താളത്തിൽസ്സുലളിതമട്ടിലാറനേകം
ഓളക്കൈയെലകടൽ നീട്ടിനില്ക്കേ നാനാ—
മേളക്കൈക്കൊതിയൊട്ടലഞ്ഞുപാഞ്ഞിടുന്നു. 4

മാഴക്കണ്ണ്റ്റിയൊടൊരുമിച്ചു കാച്ചുനില്ക്കും
വാഴത്തോപ്പുകളിലിരുന്നു പാട്ടുപാടാം
ഏഴക്കിങ്ങഭയമിരന്നുചെന്നുകൂടാം
കോഴക്കില്ലവനവകാശമിങ്ങണഞ്ഞാൽ. 5

ആനന്ദോൽബണമിഴിപൂണ്ടുനോക്കി മേന്മേൽ
കാണേണ്ടുന്നൊരു കമനീയ കാവ്യലോകം
ചേലൊത്തീടിന മലയാണ്മകാത്തുപോരും
ക്ഷോണീമണ്ഡലമിതഖണ്ഡപുണ്യലഭ്യം. 6

ശ്രീമച്ഛങ്കരജഗദേകജീവയോഗ–
ക്ഷേമത്തിൻ മധുരഗഭീരനിത്യഗാനം
കാമത്തിൻ മറുകരയിൽ പ്രതിധ്വനിക്കേ
ത്തുമഞ്ഞിൻതരികളനക്കമററുനില്പൂ. 7

സുത്രാമാവടിതൊഴതോരു ദാനശീലൻ
ഗോത്രാഭ്രണ്മണിബലിയാണ്ടിലാണ്ടിലെന്നും
പൊൽത്താരിൻമകളുടെ സേവനങ്ങൾകാണ്മാ–
നെത്താറുണ്ടൊരുകുറിയോണനാളൊടൊപ്പം. 8

ദൈവങ്ങൾക്കിവിടെ നടക്കുമുത്സവത്തിൽ
ദ്യോവിന്നും ചുമതല കൈവിളക്കേട്ടപ്പാൻ
പോവില്ലിദ്ധരണിതലത്തിൽനിന്നു സാക്ഷാൽ
കൈവല്യക്കൊതികലരുന്ന ദൈവതങ്ങൾ. 9

പാരിൽപ്പേരുററ തൗര്യത്രിക
    മമൃതരസംചേർന്ന സാഹിത്യമിമ്മ–
ട്ടോരോന്നിന്നും വിശേഷിച്ചൊരു പുതുമ
    പുലർത്തീട്ടമീപ്പുണ്യദേശം
നേരേനോക്കും ജനത്തെക്കരളിലുറവെട്ടു–
    ക്കുന്ന ഹർഷാശ്രുഗംഗാ–
പൂരത്തിൽത്താഴ്ത്തിമുക്കിപ്പുളകമരകത–
    ച്ചാർത്താടെത്തിപ്പൂ വിണ്ണിൽ. 10

---

സാഹിത്യപരിഷൽസമ്മേളനം—'57, കോട്ടയം,

42

# പ്രതിപദചന്ദ്രൻ

ദ്വിജരാജനുണ്ടു ചിരിച്ചു ചിരിച്ചു
വിജയംവരിച്ചു വരുന്നു പതുക്കെ
ഇരുളെങ്ങും ചിന്നിച്ചിതറിയൊളിഞ്ഞു
മരനിരയ്ക്കുള്ളിലൊതുങ്ങിനില്ക്കുന്നു.
പൊരുതുജയിക്കുവാൻ മാർഗ്ഗങ്ങൾകണ്ടു
പറയേണ്ടും ശുദ്ധസദസ്സാണങ്ങെല്ലാം
ഒരുപാട്ടു ഞങ്ങളുവിളക്കുണ്ടസൂയാ
പരതന്ത്രമായരുനില്പാനരികെ
പ്രതിപദചന്ദ്രനറിഞ്ഞിട്ടുണ്ടാവാം
ക്ഷതിയില്ലവന്നീവെളുത്തപക്ഷത്തിൽ
വിരിയുന്നചിരിപൂണ്ടീയന്തരീക്ഷത്തിൽ
അരിവാളിൻചേലൊത്തണഞ്ഞൊരിച്ചന്ദ്രൻ
വളരട്ടെ പൂർണ്ണിമപാണിപിടിപ്പാൻ
ഇള മുററും പാൽക്കടൽക്കോളിൽക്കളിപ്പാൻ.

43

# എൻെറ രാസവിലാസം

അഞ്ചുഗോപിമാരുണ്ടെൻെറ വീട്ടി—
ലഞ്ചിലുമുണ്ടെനിക്കനുരാഗം
എന്തുവേണമവർക്കെന്നല്ലാതെ
ചിന്തയൊന്നുമെനിക്കില്ല വേറെ
ഒപ്പമെന്നെത്തഴുകിത്തളർന്നു
ണ്ടപ്പോഴുമവരെന്നൊട്ടുകൂടെ
ആടിയും മതിമോഹനഗാനം
പാടിയുമവർ കേളിയാടുമ്പോൾ
ഞാൻ ചാപലൃങ്ങളോരോന്നുകാട്ടി
ച്ചാഞ്ചാടാറുണ്ടാമേളക്കൊഴുപ്പിൽ
പോരാപോരയെന്നേതുനേരത്തു—
മേറുമൂക്കിൽത്തഴുകും പിടുത്തം
എന്നെയുമെൻെറ ഗോപിമാരേയു—
മെന്നാനന്ദത്തിലൊന്നിച്ചലിക്കും?

# രണ്ടുവാക്ക്

പൊതുജനഭരണപ്രമാണമെല്ലാം
കുതുകമൊടോൎത്തു യഥേഷ്ടമാസ്ഥയോടെ
ക്ഷിതിയുടെ ഭരണം തുടൎന്നുപോരും
കൃതികളൊടുണ്ടൊരു രണ്ടുവാക്കുരപ്പാൻ. 1

ഭരണഘടന വീണയാണു വിശേഷാ-
ത്തരമധുരശ്രുതിയാണതിന്റെ ജീവൻ
അരുതതിലസമൎത്ഥഗായകൻ തൻ
കരതലസംഗമമസ്തുശാസ്ത്രബോധം. 2

സ്വരകലനയിലുച്ചനീചഭാവ-
സ്ഫുരണമിണങ്ങിന ഭംഗിയില്ലയെങ്കിൽ
വിരസതവരും; ഒട്ടിടഞ്ഞതാളം
വരണം; അതേറെവിശേഷമൊത്തുചേൎന്നാൽ. 3

നിജനവമണിവീണമീട്ടി ലക്ഷ്മീ-
ഭജനവിധിക്കൊരു ഗായകൻ തുടൎന്നാൽ
വിജയമണകിലഭ്യസൂയവാഴ്കും
സ്വജനമിറങ്ങി നടക്കതന്നെ നല്ലൂ. 4

ധാടിക്കൊക്കുംപടി വഴിപിഴക്കാത്ത സംഗീതവിദ്വാൻ
ശ്രുതിമധുരമൎഗ്ഗാനമാനന്ദവായ്പാൽ
ഈടിക്കൂട്ടുംപുളകനിര പൂണ്ടൊരുവാഴ്ചില്ലഭവ്യം
നേടിക്കൊൾവിൻ ജനഹിതമഹാഗീതിതൻപാട്ടുകാരേ! 5

# അടിമത്തം എത്ര മധുരം

അടിമത്തമടിമത്തമെത്ര മധുരമ-
തടിമഞാൻ അടിയാൻഞാൻ കുടിയാനുംഞാൻ.
തനതുനിശ്വാസത്താൽ ചൈതന്യം തന്നെന്നെ
പ്പണിയെടുപ്പിക്കുന്ന തമ്പുരാനെ
പഴയമുതലാളിത്തലവനെക്കുററു
പഴിപറയും പാപം ഞാൻപേറുകില്ല.
വിദിതമഹാസത്വനാം സ്വാമിതന്നൗദാര്യം
വിശദമുരച്ചില്ലെങ്കിൽസ്സൗഖ്യമില്ല.
വിളവെടുത്തീടാനും വേലചെയ്തീടാനും
ഫലമെല്ലാംതിന്നു തടിക്കുവാനും
നിലമൊന്നെനിക്കെൻെറ തമ്പുരാൻ തന്നിട്ടു-
ണ്ടളവറേറാരാകാശംപോലെന്നുള്ളം
കുടിയായ്മസ്ഥാനം കളഞ്ഞുകുളിക്കുന്ന
പട്ടമൂഢനാവില്ല ഞാനെന്നാളും.

മധുവിധുനാളിൽത്തുടുത്ത കപോലത്തിൽ
മദിരകുറച്ചുകഴിച്ചുമന്ദം
മുകരുംമണാളൻെറ മുന്നിൽക്കുനിയുന്ന
മുകിലണിവേണിതൻ മുഗ്ദ്ധവക്ത്രം
പദമററഭാഷയിൽഘ്ഘോഷിച്ചുനില്ക്കുന്ന
പരമാനന്ദത്തിൻെറ ദാസ്യഭാഷ്യം
ഉലകിലേസ്സ്വാതന്ത്ര്യപ്പൊൻകൊടിക്കുറക-
ളലയാനമലയാനും മാത്രമല്ലേ?

# സർവ്വജ്ഞൻ

ക്ഷിതിയുടയകാര്യനടത്തിപ്പെല്ലാം
കതിരവനും നോക്കിനടന്നീലെങ്കിൽ
കതിരിട്ടു കാണുമോ ജീവിതത്തിൽ
പ്രതിനവസൗന്ദര്യവുമൈശ്വര്യവും
അകലത്തു ലാത്തുമുഡുക്കളാലും
പകലവനെപ്പോലെന്തോ കാര്യമുണ്ടാം
ഒരുപക്ഷേ വാനിലത്താരകങ്ങ–
ളെരിയുന്ന ഗോളങ്ങളായിരിക്കാം
ഭുവനമിതിൻചേതനസ്ഫുരത്തി–
ലവപകരും ചൂട്ടമാവശ്യമാകാം
നിയതിയുടെ നിരുപധികനിത്യരക്ഷാ
നിയമനിരനേരെ വായിക്കുവാനും
കഴിയുകയില്ലെന്നിരുന്നാലുമെന്റെ
മിഴിമൊഴിയും "സർവ്വജ്ഞനെന്നുമീഞാൻ."

47

# മരണമില്ല

രണ്ടുവെള്ളിക്കിണ്ടിയേന്തി
ജ്ജഗദംബ ജയിപ്പുനീ
ഒന്നിൽച്ചൂടുള്ള പാനീയം
വേറിട്ടൊന്നിൽത്തണുത്തതും 1

ആ രണ്ടിൽനിന്നുമാവോളം
വെളിച്ചം മോന്തിനില്ക്കുവേ
പാഴ്മണ്ണിൽവീഴാറുണ്ടീഞാൻ
പാനീയത്തിന്റെ മത്തിനാൽ 2

"മരണം മരണം" മിഥ്യ
പാരിലസ്സമയങ്ങളിൽ
പറഞ്ഞു പേടിപ്പിക്കാറു-
ണ്ടെല്ലാ പ്രാണികുലത്തെയും 3

അതുകേട്ടമ്പരക്കുന്ന
മൂഢനാവില്ല ഞാനിനി
മരണം ജീവിതത്തിന്റെ
പര്യായം ഞാനറിഞ്ഞുപോയ്. 4

ആനന്ദലഹരിക്കുത്താ-
ലാണെല്ലാജ്ജീവജാലവും

നിലം പതിപ്പതുംപിന്നെ
നീളെപ്പാഞ്ഞു നടപ്പതും 5

ദുരവസ്ഥകടിച്ചുണ്ടാം
വേദനാവിഷമേല്ക്കിലും
മുടിഞ്ഞുപോവോനല്ലീഞാൻ
നീ തുണയ്ക്കനീട്ടിനില്ക്കവേ. 6

അമ്മേ നിത്യം പ്രകൃതിവികൃതിപ്പൊന്നലച്ചാർത്തിണങ്ങും
നിൻമാഹാത്മ്യക്കടലിൽമുഴകിത്തെല്ലുനീന്തിത്തുടിപ്പാൻ
ഉന്മേഷം മേ തരണമതൊഴിഞ്ഞിന്നെനിക്കെന്തുവേണ്ടു
നിൻമെയ്‌വാരിത്തഴുകുവതിനാ നിർമ്മലത്വം വരട്ടെ. 7

## 48

# പാഴ്മൊഴികൾ

പഴതേ കല കാലരാട്ടിനെ—
ത്തൊഴതോതീ മൊഴി മൗനഭാഷയിൽ:
"കഴവേററരുതെൻെറ കൂട്ടരെ;—
ക്കഴകു നിൻ കരൾ കാര്യചിന്തയാൽ. 1

പരിപാവനയാം ശ്രുതിക്കു നീ
മരണംതന്നെ വിധിച്ചതില്ലയോ?
കരിയും തവ നീതി, വിണ്ണിൽനി—
ന്നൊരിടിത്തീയിലരക്ഷണത്തിനാൽ. 2

ഉലകിൽപ്പരമാത്മഭംഗിതൻ
വിലകാട്ടും കവിതാവരാംഗിയാൾ
തുലയററ'പുരാണ'ദീപികാ—
നിലയംതീൎത്തു; കയൎത്തു നീയതിൽ. 3

കളഭാഷിണിയായ ഗീതിയ—
മ്പലമുററത്തു വിനീതവേഷയായ്
വിളയാടുകി,ലെന്തിനങ്ങു വാൾ—
ത്തല നീട്ടുന്നു വിളക്കണയ്ക്കുവാൻ? 4

'ഗുണലേശമിണങ്ങിടാത്തതാം
ധനികന്നുള്ള ഹൃദന്തമേതുമേ;

മുനിവും സമസ്തസൃഷ്ടജന്തുവിൽ—
കനിവില്ലായ്മയുമങ്ങു ചെല്ലണം. 5

അപഥേ പ്രഭുവെത്തുരത്തിട്ടും
കൃപണൻ നായകനല്ലയെങ്കിലോ
അപരിഷ്കൃതമാണു കാവ്യ'—മെ—
ന്തപഹാസാസ്പദമിങ്ങുനിൻ മതം! 6

വിഷയം നവമല്ലയെങ്കിലോ
വിഷമസ്സാഹിതിയെന്നുറച്ച നീ
വിഷമിച്ചറികാദ്യമുണ്മ, ദു—
ർവ്വിഷഹംശിക്ഷ വിധിക്ക പിന്നെയാം. 7

അഴകിൻ സുകുമാരകേളിയിൽ—
പ്പഴതും പുത്തനുമില്ലൊരിക്കലും;
മഴവില്ലൊളിമാൺപു, കണ്ടിട്ടും
മിഴിയിൽബ്ഭംഗി തികഞ്ഞതെന്നുമേ! 8

കരികോലുമെട്ടത്ത ലീലയൊ—
ത്തരിവാൾനൃത്തവുമേതൊരുത്തനും
ഹരതാണ്ഡവമെന്നപോൽ മനോ—
ഹരമാം തന്മയഭാവഭംഗിയാൽ. 9

പരിതാപമിയന്നു കാലമേ!
പറയേണ്ടാത്തതു ഞാൻ പറഞ്ഞുപോയ്
പരിതഃസ്ഥിതി മാറിയാൽ വരാ—
മറിവില്ലായ്മ മഹാകവിക്കുമേ. 10

ലോകത്തിൻ പ്രകൃതിയെട്ടു–
ത്തു പത്തിരട്ടി–
പ്പാകത്തിൽ ദ്യുതിപകരും
കലാകരങ്ങൾ
നാകത്തിൻ കഥകൾ തൊടാൻ
തടസ്സമില്ലാ–
താകട്ടേ; ധരയൊടിണ–
ങ്ങിടട്ടെ വാനം.'' 11

* കോഴിക്കോട്ട് റേഡിയോനിലയത്തിന്റെ അനുവാദത്തോടുകൂടി.

49

# കോൾപ്പാടങ്ങൾ

നിരവധി വിളയുന്ന കോൾപ്പാടങ്ങൾ
തരിശുകിടക്കുന്നു ജീവിതങ്ങൾ!
നിറവെള്ളം നില്ക്കില്ലവിടെനാളേ
തിരിയുന്ന കാല ചക്രത്തിനാലേ.
അളവററുകാണും ജലപ്പരപ്പിൻ
നിലപാകമായാൽ വിതയ്ക്കിറങ്ങാം.
പരിചുററ പച്ചക്കതിക്കുലക-
ളരിയൊല്ല ചെമ്പഴംകൊള്ളും മുമ്പെ
വരണം കൃഷിപ്പണിക്കെന്നുറക്കെ-
പ്പറയും ഞാൻ, കേട്ടാലുമില്ലെന്നാലും.
അഴകുററ തന്ദ്രിതൻ മോഹനാഗം
തഴുകിത്തളന്നു മയങ്ങിടാതെ
പഴയ സമൃദ്ധിതൻ വിത്തുപാകി-
പ്പണിയില്ലേ മാനവജീവലോകം?

50

# പുതിയ നോട്ടത്തിൽ

ശ്രീലത്വം തനുവിലിണങ്ങിടായ്കിലെന്തേ
ശീലത്തിൻ ഗുണമഴകേതുകന്യയാൾക്കും
കാലത്തിൻ പുതിയനിരീക്ഷണത്തിലൊട്ടും
ചേലൊത്തോരഭിജനവാക്യമല്ലിതൊന്നും. 1

കണ്ടാലും ഗുണമഭികാമ്യമില്ലയെങ്കിൽ—
കൊണ്ടാരും നിലവിലവെയ്ക്കുവാൻ പ്രയാസം;
ഉണ്ടാമോ ചെറുതുളസിക്കു മേന്മ പൊന്നിൻ—
തണ്ടാരിൻകിടയിൽ വെളിച്ചമുള്ളകണ്ണിൽ? 2

പെണ്ണാളിൽ പുതിയൊരു പട്ടുസാരി മിന്നും
സ്വർണ്ണച്ചങ്ങല കലരുന്ന റിസ്റ്റുവാച്ചും
എണ്ണാകും ചില ചെറുകണ്ഠഭൂഷയേവം
പൂർണ്ണാഭം പ്രകൃതിമനോഹരം സ്വരൂപം. 3

അന്തസ്സാരമതൊരുമട്ടിൽ, മോടി ചേർപ്പോ—
രന്തസ്സൊത്തനുപമരൂപഭദ്രഭാവം
സ്വാന്തത്തിന്നെവനുമഭീഷ്ടദാനമേകും
ചന്തത്തിന്നിതുമതി കാഴ്ച തന്നെ മെച്ചം. 4

ഉള്ളുപോൽ പുറവുമൊത്തുചേർന്നമാ—
റുള്ള പെണ്ണഴകുപാർക്കിലുത്തമം
ചൊല്ലെഴുന്ന ഗുണമൊത്ത കന്യയും
നല്ലസാഹിതിയുമൊന്നുപോലെതാൻ. 5

51

# അടിമയായാലെന്താണ്

പ്രകൃതിയുടെ(പടിക്കൽ)ഗൃഹത്തിൽപ്പിച്ചതെണ്ടുന്നമർത്ത്യ
പ്രകരമവിരതം കൈക്കുമ്പിളും കാട്ടിനില്ലേ
പ്രസഭമവളെ വെല്ലുന്നുണ്ട താനെന്ന വിദ്വാൻ
പ്രതിഭപറയടിപ്പൂ കൊച്ചുപുല്ലും ചിരിപ്പൂ. 1

അവളെയവഗണിച്ചാൽബ്ഭസ്മമാണക്ഷണത്തിൽ
ബ്ഭുവനവിദിതമാററംബാംബുനിമ്മിച്ചകൈയും
എവിടെയെവിടെയൊന്നുണ്ടസ്വതന്ത്രത്വമില്ലാ
തവഹിതമതിയോട്ടണ്ടെയിച്ചോദ്യമെന്നും. 2

നരനുപുറമെനിന്നേ ജീവിതത്തിന്നുവേണ്ടും
വിറകുമരിയുമെല്ലാം കിട്ടുവാൻ മാർഗ്ഗമുള്ളൂ
മരുദുപഗമമുണ്ടാകാതിരുന്നെന്നുവന്നാ-
ലൊരുനിമിഷമിരിക്കാ ജീവനോടേതൊരാളും. 3

പരവശത പരക്കെക്കെച്ചുകച്ചുള്ളതെന്നാർ
പറയുമവനറിഞ്ഞിട്ടില്ല നേരിൻരഹസ്യം
പൊരുളിതഖിലമാധ്വീമാധുരീസാരമെന്നായ്
ക്കരുതിനകൃതകൃത്യൻ കണ്ടു കാണേണ്ടതെല്ലാം. 4

ക്ഷേമത്താലുപചിതമാം പ്രപഞ്ചെനിത്യ-
പ്രേമത്തിന്നടിമകളാകിലെന്തുദോഷം
പ്രേയാനും പ്രണയിനിയും സ്വതന്ത്രഭാവം
പേയായെണ്ണീട്ടമടിമത്തമെത്രകാമ്യം. 5

# അതല്ലേ നല്ലതു്

രാഷ്ട്രീയത്തൊട്ടപറയുന്ന പൗരലോക–
ഭ്രഷ്ടൻ ഞാനൊരുമൊഴി ഭക്തിഭാരനമ്രൻ
കേട്ടാവൂ കരുണകലർന്നിതൊന്നു ജന്മി–
ക്കൂട്ടത്തെക്കൊടിയവനത്തിനാട്ടിടൊല്ലേ. 1

“അന്യന്മാരുടെ വയറിൻ വിശപ്പുകാണ്മാൻ
കണ്ണില്ലാത്തവർ മൃഗജാതിയെന്നമൂലം
വന്യക്ഷോണിയിൽ വളരും മൃഗത്തൊടൊപ്പം
തിന്നട്ടെ സുഖമവർ പച്ചപച്ചമാംസം.” 2

എന്നൊക്കെപ്പറവതെളുപ്പമത്ഥകാമ–
ത്തിന്നൊക്കും പെരുവഴി വേലികെട്ടിവയ്പാൻ
നിന്നെക്കൊണ്ടൊരുവിധമാകുമെങ്കിലാകാം
നന്നല്ലിപ്പകവൃകയും പ്രതാപവാക്യം. 3

സ്വാത്ഥച്ചൂട്ടടലിൽ നിലച്ചുപോകിലുണ്ടോ
മർത്ത്യത്വം ധരണിയിൽ നില്പും ജീവനോടെ
വദ്ധിച്ചാലതിനു ചികിത്സചെയ്തുകൊൾവാൻ
ശ്രദ്ധിക്കു സമുചിതസൗഹൃദത്തിനാലേ. 4

ജന്മിത്തം പഴയൊരു പാപഭാണ്ഡമേന്തി–
സ്സന്മാർഗ്ഗപ്പിഴയൊടു ചുററിടുന്ന നേരം
നിൻമൈത്രീമണിരഥമേറിയെത്തിടേണ്ടും
ചെമ്മിൽച്ചെന്നണകിലതല്ലയല്ലിനല്ലൂ. 5

53

# മലനാട്ടിൽ

പെരുമാക്കന്മാരുടെ പള്ളിശ്ശംഖൊലി കേട്ട
പരമാനന്ദംപൂണ്ട പശ്ചിമപാരാവാരം
തിരിഞ്ഞുനോക്കീടുക ഭൂതകാലത്തേയ്ക്കെന്ന്
തിരക്കൈകളാലാംഗ്യംകാട്ടുകയാണിപ്പോഴും.
അറബിക്കപ്പൽക്കൂട്ടമായിരക്കണക്കതാ
മരിചക്കുമ്പാരങ്ങൾ താങ്ങിനിന്നിളകുന്നു.
ഉടുത്തുകെട്ടിക്കുറ്റൻ പടവാൾപ്പരിചക-
ളെടുത്തു ലാത്തുന്നുണ്ടു ചേകവർ കരയ്ക്കെങ്ങും
വന്നടുക്കുന്നു പല കച്ചോടക്കപ്പൽക്കൂട്ടം
പൊന്നിറക്കുന്നു ചില പറങ്കിപ്പട്ടാളക്കാർ.

ii

വടക്കൻമലനാടാണക്കണ്ടെദിക്കങ്ങോട്ടു
കടക്കാം, പടപ്പാട്ടും പയററും കേൾക്കാം കാണാം.
പമ്പരം തിരിഞ്ഞുടുത്തൊരുങ്ങിപ്പുറപ്പെട്ട
വമ്പന്മാർ മലനാട്ടിൻ മാനംകാത്ത നായന്മാർ
കേളികേട്ട വീരന്മാരങ്കത്തിൽവീശും വെള്ളി-
വാളുകൾ തമ്മിൽത്തട്ടിത്തകന്നുപൊടിയുന്ന
വീരശോണിതം ചിന്നിത്തെറിച്ചുമിന്നിക്കാണ്മൂ,
കേരളമാതാവിന്റെ കീർത്തിമുദ്രകൾപോലെ

iii

വരകേരളമദ്ധ്യമംഗളരംഗത്തേയ്ക്കു
പറന്നീടുക നമ്മൾക്കിങ്ങുനിന്നതിവേഗം.

ഭാഷതൻ കളിക്കുത്തുകാണാമങ്ങതൃത്ഭുത-
വേഷഭൂഷണശില്പകല്പനം നോക്കിക്കാണാം.
വിണ്ണിന്റെ വിളികൊണ്ട പൈങ്കിളി പാടിപ്പാടി-
പ്പുണ്യപ്പൂഞ്ചിറകടിച്ചുണ്ടിതാ പറക്കുന്നു.
അഞ്ചിതമേളതാളക്കൊഴുപ്പൊത്തിണങ്ങിയ
കുഞ്ചന്റെ ചിലുംചിലും പൊൻചിലമ്പൊലി
കേട്ടോ?

iv

മിന്നലിൻകെടാവിളക്കൊട്ടേറെനിർമ്മിച്ചാശാൻ
തന്നിഷ്ടപ്പടിതീർത്ത പൊന്നണിക്കൊട്ടാരങ്ങൾ,
ഉള്ളൂരിൻമണിക്കപ്പൽ നീങ്ങുന്ന സമുദ്രങ്ങൾ
വള്ളത്തോൾക്കവിനീന്തും സൗന്ദര്യപ്പുഴകളും
ചക്രവാളത്തെത്തുളച്ചിളകും നാലപ്പാടിൻ
സൂക്ഷ്മസുന്ദരകരവ്യാപാരവൈചിത്ര്യങ്ങൾ,
കേശവനുടെ മുത്തുമാലകൾ, വെണ്ണിക്കുള-
മാശകൾ മണപ്പിക്കും വെള്ളത്താമരകളും
കുറുപ്പിൻപ്രേമപ്പൂന്തേൻപൊഴിയും കുളിർത്തോപ്പും
കരയും ചങ്ങമ്പുഴതൻനിണക്കണ്ണീർവായ്പും
പരമാദർശംതേടിദ്ധർമ്മമാർഗ്ഗത്തിൽക്കൂടി
ച്ചരിക്കും ബാലാമണി ശാന്തമായ് പോകുംപോക്കും
കണ്ടുകണ്ടാഹ്ലാദിക്കും കണ്ണുകൾ കാണുന്നില്ലേ
തണ്ടലർമാതോടൊത്തു വാണിതൻ വിളയാട്ടം?

★

work
obliga

# പുതിയ പുസ്തകങ്ങൾ

| | |
|---|---|
| എം. പി. പോൾ—മിസ്സിസ് എം. പി. പോൾ | |
| മൺകോലങ്ങൾ—വിവർത്തകൻ: അഭയദേവ് | |
| പൗരനും ഭരണഘടനയും—എം. രത്നസ്വാമി | |
| കട്ടവാക്കേള്ള—നാഗവള്ളി | 1.25 |
| അനാഥബാലിക—സി. എ. കിട്ടുണ്ണി | 1.00 |
| നവീനനാടകാദർശം—മേക്കൊല്ല | 3.50 |
| വൃത്താന്തപത്രപ്രവർത്തനം—സ്വദേശാഭിമാനി | 2.50 |
| കാട്ടുപൂച്ചകൾ—എൻ. പി. | 1.50 |
| പദ്ധതികൾ അങ്ങനെ പുരോഗമിക്കുന്നു—എൻ. പി. | 1.75 |
| അനിയത്തിയും ചേട്ടത്തിയും—പയ്യംപള്ളി | 3.00 |
| നോത്ര്ദാമിലെ കൂനൻ—വിക്ടർ യൂഗോ | 7.00 |
| ഇടുങ്ങിയ വാതിൽ—ആന്ദ്രേജീദ് | 2.25 |
| പ്രവാഹം—പി. കേശവദേവ് | 1.00 |
| വിടവാങ്ങൽ—ബൽസാക് | 1.00 |
| അമൃതാഞ്ജനം—ആനന്ദക്കുട്ടൻ | 1.25 |
| കളിയല്ല—പി. കെ. രാജരാജവർമ്മ | 1.25 |
| മനുഷ്യരും നദികളും—ഹുമയൂൺ കബീർ | 3.00 |
| ബദാം പഴങ്ങൾ—കിഷൻചന്ദർ | 0.80 |
| പത്മരാഗം—എസ്. കെ. പൊറ്റെക്കാട്ട് | 1.50 |
| മധുരനാരങ്ങ—വെള്ളൂർ കൃഷ്ണൻകുട്ടി | 1.75 |
| ശ്യാമള—കുറുപ്പുംവീട്ടിൽ ഗോപാലപിള്ള | 1.00 |
| ഗ്രാമസീമ—തിരുനയിനാർകുറിച്ചി | 1.50 |
| പഴയതും പുതിയതും—വൈക്കം ചന്ദ്രശേഖരൻനായർ | 1.50 |
| ചരിത്രകേരളം—പി. എ. സെയ്തുമുഹമ്മദ് | 1.00 |

SAHITHYA VIL... LIBRARY
AYATHIL
KILIKOLLOOR P.O.
QUILON
SPORTS CLUB & GYMNASIUM

**നാഷനൽ ബുക്ക്സ്റ്റാൾ**

കോട്ടയം തിരുവനന്തപുരം

# മലനാട്ടിൽ

കെ.കെ.രാജു

3459

SAHITYA ... LIBRARY
AYATHIL,
KILIKOLLOOR P.O.
QUILON.
SPORTS CLUB & GYMNASIUM

Indic Digital Archive Foundation
gpura.org